## II നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

### ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ

മി. സ്പീക്കർ: ഇടുക്കി ജില്ലയിലെ പരുന്തുംപാറ അടക്കമുള്ള വിവിധ മേഖലകളിൽ നടക്കുന്നതായി പറയപ്പെടുന്ന ഭൂമി കയ്യേറ്റങ്ങൾ ഉൾപ്പെടെയുള്ള ഭൂപ്രശ്നങ്ങൾ മലയോര ജനതയിൽ സൃഷ്ടിച്ചിരിക്കുന്നതായി പറയപ്പെടുന്ന ആശങ്ക ചർച്ച ചെയ്യുന്നതിന് സഭാനടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം പരിഗണനയ്ക്കെടുക്കണമെന്നാവശ്യപ്പെട്ട് ഡോ. മാത്യു കുഴൽനാടൻ, സർവ്വശ്രീ എൻ. എ. നെല്ലിക്കുന്ന്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, കേരളത്തിലെ ഏറ്റവും പാരിസ്ഥിതിക പ്രാധാന്യമുള്ള ജില്ലയാണ് ഇടുക്കി. ഇടുക്കി ജില്ലയിലാണ് ഏറ്റവും കൂടുതൽ കുടിയേറ്റം എല്ലാകാലത്തുമുണ്ടായിട്ടുള്ളത്. ഇത്തരത്തിൽ കുടിയേറിയ അർഹരായ എല്ലാ

കർഷകർക്കും പട്ടയം നൽകുകയെന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. കഴിഞ്ഞ എട്ടുവർഷത്തിനിടയിൽ അൻപതിനായിരത്തിലധികം പട്ടയമാണ് ഇടുക്കി ജില്ലയിൽമാത്രം വിതരണം ചെയ്തത്. കുടിയേറ്റത്തിന്റെ മറവിൽ നടക്കുന്ന അനധികൃതമായ കയ്യേറ്റങ്ങൾ ഒരു കാരണവശാലും അനുവദിക്കില്ലെന്ന നിലപാടുതന്നെയാണ് ഈ ഗവൺമെന്റിനുള്ളത്. ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കയ്യേറ്റങ്ങൾക്കെതിരെ ശക്തമായ നടപടികളാണ് സ്വീകരിച്ചുവരുന്നത്. ബൈസൺവാലി വില്ലേജിലെ ചൊക്രമുടിയിലും പീരുമേട് താലൂക്കിലെ പരുന്തുംപാറയിലും നടന്ന കയ്യേറ്റങ്ങൾക്കെതിരെ സർക്കാർ സ്വീകരിച്ച ശക്തമായ നിലപാട്, ഇക്കാര്യത്തിൽ സർക്കാരിന്റെ സമീപനംതന്നെ വ്യക്തമാക്കുന്നതാണ്. ചൊക്രമുടിയിലെ കയ്യേറ്റം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടത് മുതൽ അക്കാര്യത്തിൽ സ്വീകരിച്ച നിരന്തരമായ നിലപാടുകളുടെ ഫലമാണ് 14-03-2025-ൽ അവിടെയുണ്ടായ എല്ലാ വ്യാജപട്ടയങ്ങളും തണ്ടപ്പേരും റദ്ദ് ചെയ്തുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ച നടപടിയുണ്ടായത്. ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കുമ്പോൾ കയ്യേറ്റക്കാർ ഒഴിപ്പിക്കലിനെതിരെ കോടതിയിൽപ്പോയി

ഉത്തരവുകൾ കൊണ്ടുവരുന്നത് ഒഴിവാക്കുന്നതിനുവേണ്ടി ഭൂപതിവ് ചട്ടപ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിച്ച് ആറ് തവണ ഹിയറിങ്ങിന് അവസരം നൽകി എല്ലാവിധത്തിലും മൈനർ സർക്യൂട്ട് ചെറുതായി അളന്ന് തിട്ടപ്പെടുത്തി ഏറ്റവും കൃത്യമായ നടപടികളിലൂടെ ഗവൺമെന്റ് മുന്നോട്ടുപോയി. 48 മണിക്കൂറിനുള്ളിൽ 'C-Form' നൽകണമെന്ന് നമ്മൾ നിശ്ചയിച്ചു. അതിന്റെയടിസ്ഥാനത്തിൽ ഞായറാഴ്ചയായിട്ടും, ഇന്നലെത്തന്നെ 'C-Form' നൽകി അവിടെ ഒഴിപ്പിക്കലിനുവേണ്ടിയിട്ടുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുകയാണ്. ഇടുക്കി ജില്ലയുടെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാണ് പല കയ്യേറ്റങ്ങളുടെയും പ്രധാനപ്പെട്ട കാരണം. സർവ്വെ നടന്ന സ്ഥലത്ത്, വലിയ വിസ്തൃതിയിലുള്ള ഓരോ പ്രദേശങ്ങളും ഒരു മൈനർ സർക്യൂട്ടായിട്ടാണ് സർവ്വെ ചെയ്ത് രേഖകൾ തയ്യാറാക്കിയിട്ടുള്ളത്. ഓരോ സർവ്വെ നമ്പരിലും ആയിരക്കണക്കിന് ഏക്കർ വിസ്തൃതിയുണ്ടാകും. പതിറ്റാണ്ടുകൾക്കുമുമ്പ് ഒരു സർവ്വെ നമ്പരിൽ നൽകിയ പട്ടയത്തിന്റെ മറവിൽ, അതേ സർവ്വെ നമ്പരിൽ പട്ടയം നൽകാത്ത ഭൂമി വ്യാജ ആധാരങ്ങൾ ചമച്ചാണ് ഭൂമി കയ്യേറ്റം പ്രധാനമായിട്ടും നടന്നിട്ടുള്ളത്. പീരുമേട് വില്ലേജിലെ സർവ്വെ

നമ്പർ 534-ൽപ്പെട്ട 624 ഏക്കറും മഞ്ചുമല വില്ലേജിലെ സർവ്വെ നമ്പർ 441-ൽപ്പെട്ട 9785 ഏക്കറുമുൾപ്പെടെ ആകെ ഒരു ലക്ഷത്തി തൊണ്ണൂറ്റിയാറ് ഏക്കർ വിസ്തൃതിയിലുള്ള പ്രദേശമാണ് പരുന്തുംപാറ. ഇടുക്കി ജില്ലയിൽ അനധികൃത കയ്യേറ്റങ്ങൾ കണ്ടെത്താൻ നിയോഗിച്ചിട്ടുള്ള സ്പെഷ്യൽ ടീമിന്റെ പരിശോധനയിൽ 1966-ലും 1990-ലും വിതരണം ചെയ്ത പട്ടയങ്ങളുടെ അടിസ്ഥാനത്തിൽ ആളുകൾ കൈവശം വച്ചിരുന്നത് മഞ്ചുമല വില്ലേജിലെ 441-ൽപ്പെട്ട ഭൂമിയാണെന്ന് കണ്ടെത്തുകയുണ്ടായി. ഇക്കാര്യത്തിൽ അനധികൃത കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടയുടൻ എല്ലാ കയ്യേറ്റങ്ങളും ഒഴിപ്പിക്കുന്നതിന് സർക്കാർ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഏതെങ്കിലും ഒരു സർവ്വെ നമ്പരിൽ ലഭിച്ചിട്ടുള്ള പട്ടയത്തിന്റെ മറവിൽ മറ്റൊരു ഭൂമി കയ്യേറുന്നതാണെന്നാണ് അന്വേഷണത്തിൽ കണ്ടെത്തിയിട്ടുള്ളത്. പരുന്തുംപാറയിൽ കയ്യേറ്റമുണ്ടെന്ന വാർത്ത വന്നതിനെത്തുടർന്ന് അടിയന്തരമായ റിപ്പോർട്ട് നൽകാനും അവിടെ നടപടിയെടുക്കാനും ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടു. കയ്യേറ്റത്തിനെതിരെയുള്ള നടപടികളുടെ ഭാഗമായാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന ആ സ്ഥലത്ത് മാർച്ച് 7

മുതൽ മെയ് 2 വരെ ഈ ഗവൺമെന്റ് നിരോധനാജ്ഞ പുറപ്പെടുവിച്ചുകൊണ്ടുള്ള ഉത്തരവിറക്കിയത്. നിരോധനാജ്ഞ ലംഘിച്ച ഏഴ് പേർക്കെതിരെ ഇതിനകം ക്രിമിനൽ കേസുകൾ നടപ്പാക്കിക്കഴിഞ്ഞു. എസ്.പി.-യുമായി ചർച്ച ചെയ്ത് ആ സ്ഥലത്ത് പ്രത്യേക പോലീസ് പിക്കറ്റ് ഇപ്പോൾ ഏർപ്പെടുത്തിയിരിക്കുകയാണ്. പീരുമേട് താലൂക്കിന് പുറത്തുള്ള ഇടുക്കി ജില്ലയിലെതന്നെ ജീവനക്കാരായിട്ടുള്ള 15 റവന്യൂ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി സബ്കളക്ടറുടെ നേതൃത്വത്തിൽ രൂപീകരിച്ച പ്രത്യേക സംഘത്തിനാണ് അന്വേഷണ ചുമതല. അനധികൃതമായി നടത്തിയ നിർമ്മാണപ്രവർത്തനങ്ങളിൽ ചിലത് ഇതിനകം പൊളിച്ചുമാറ്റിയിട്ടുണ്ട്. ഇടുക്കി ജില്ലയിലെ മാത്രമല്ല, കേരളത്തിൽ എല്ലായിടത്തുമുള്ള ഭൂമി കയ്യേറ്റം ശാശ്വതമായി പരിഹരിക്കുകയെന്നതാണ് സർക്കാരിന്റെ ലക്ഷ്യം. കേരളത്തിൽ ഇപ്പോൾ നടന്നുവരുന്ന ഡിജിറ്റൽ റീ-സർവ്വെ, ഇടുക്കി ജില്ലയിലെ പരമാവധി മേഖലകളിൽ മുൻഗണന നൽകി ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതിന്റെയടിസ്ഥാനത്തിൽ ജില്ലയിലെ 68 വില്ലേജുകളിൽ 34 വില്ലേജുകളിൽ ഡിജിറ്റൽ റീ-സർവ്വെ ആരംഭിക്കുകയും നാളിതുവരെ രണ്ട് ലക്ഷത്തി

അൻപത്തിനാലായിരത്തി എണ്ണൂറ്റി പതിനഞ്ച് ഏക്കർ ഭൂമി സർവ്വെ നടത്തുകയും ചെയ്തിട്ടുണ്ട്. 34 വില്ലേജുകളിലെ 13 വില്ലേജുകളിൽ 9 (2) പ്രസിദ്ധീകരിച്ച് കഴിഞ്ഞു. ഇടുക്കി ജില്ലയിലെ നിരവധി പട്ടയപ്രശ്നങ്ങൾക്ക് ഡിജിറ്റൽ സർവ്വെവഴി പരിഹാരം കണ്ടുകഴിഞ്ഞു. കെ.ഡി.എച്ച്. വില്ലേജിലെ കുറ്റിയാർവാലിയിൽ പട്ടയം ലഭിച്ച 2300 പേർക്ക് ഭൂമി അളന്നുതിരിച്ച് നൽകുന്ന പ്രവൃത്തി മൂന്നുമാസത്തിനുള്ളിൽ പൂർത്തീകരിക്കുകയാണ്. നീലക്കുറിഞ്ഞി ഉദ്യാനത്തിലെ കൈവശങ്ങൾ കണ്ടെത്തി പട്ടയം നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കട്ടപ്പനയിലെ ടൗൺഷിപ്പിലെ കൈവശങ്ങളുടെ സർവ്വെ ഇതിനകം പൂർത്തീകരിച്ചു. ഈ സർക്കാരിന്റെ കാലയളവിൽ ഇടുക്കിയിൽ 295.16 ഏക്കർ ഭൂമി കൈയേറ്റം ഒഴിപ്പിച്ച് തിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ആനവിരട്ടി വില്ലേജിലെ 224 ഏക്കർ വരുന്ന നെല്ലിത്താനം എസ്റ്റേറ്റ് ഉൾപ്പെട്ടിട്ടുള്ള സ്ഥലം സംരക്ഷിക്കാനായി പ്ലാന്റേഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ റീ-സർവ്വെ കഴിയുമ്പോൾ ഭൂമിയുടെ കൃത്യമായ ഉടമസ്ഥതയും കൈവശവും കണ്ടെത്താനാകും. ‘ Kerala Survey and Boundaries Act’ പ്രകാരം സർക്കാർ ഭൂമി കൃത്യമായി കണ്ടെത്തി

അതിർത്തിക്കല്ലുകൾ സ്ഥാപിച്ചശേഷമാണ് സ്വകാര്യ ഭൂമി സർവ്വെ ചെയ്യുന്നത്. ഇതോടെ സർക്കാർ ഭൂമിക്ക് കൃത്യമായ രേഖയും കണക്കുകളുമുണ്ടാകും. ഭൂസംരക്ഷണ നിയമപ്രകാരമുള്ള നടപടികൾ പാലിച്ച് മുഴുവൻ അനധികൃത കയ്യേറ്റക്കാരെയും ഒഴിപ്പിക്കും. ഇതിനായുള്ള പ്രത്യേക സംഘം സർക്കാരിന്റെ പരിഗണനയിലാണ്. ഇടുക്കി ജില്ലയിലെ പട്ടയ വിതരണത്തിന് കോടതി വിധികൾമൂലം ചില തടസ്സങ്ങൾ നേരിടുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽവന്ന ആദ്യത്തെ മൂന്ന് വർഷം ഇടുക്കി ജില്ലയിൽ പട്ടയങ്ങൾ വ്യാപകമായി വിതരണം ചെയ്തിരുന്നു. എന്നാൽ ഇടുക്കി ജില്ലയിലെ പട്ടയ വിതരണം ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ നിർത്തിവയ്ക്കണമെന്ന് ബഹുമാനപ്പെട്ട കോടതി ഇപ്പോൾ നിർദേശിച്ചു. 1964-ലെ ചട്ടങ്ങളിലെ ചട്ടം 5(7)-ലെ തർക്കമാണ് കോടതി ഉന്നയിച്ചിട്ടുള്ളത്. 01-08-1971-ന് മുമ്പുള്ള കൈവശക്കാർക്ക് പട്ടയം നൽകണമെന്നുള്ള ഭൂപതിവ് ചട്ടത്തിലെ വ്യവസ്ഥയുടെ അടിസ്ഥാനത്തിൽ നിയമസാധ്യത പരിശോധിക്കുന്നതിനാണ് ഇത്തരമൊരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്. 1975-ലെ ഭേദഗതിയിലൂടെയാണ് 1971-ന് മുമ്പുള്ള കൈവശക്കാർക്ക് പട്ടയത്തിന് അർഹതയുണ്ടെന്ന വ്യവസ്ഥ

ചട്ടത്തിൽ ഉൾപ്പെടുത്തിയത്. ഇടുക്കി ജില്ലയിലെ കുടിയേറ്റ കർഷക ജനതയെ സഹായിക്കുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നത്. ഇക്കാര്യങ്ങൾ വിശദീകരിച്ചുകൊണ്ട് സർക്കാർ കോടതിയിൽ എതിർ സത്യവാങ്മൂലം സമർപ്പിച്ചിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കണമെന്ന് അഡ്വക്കേറ്റ് ജനറലിനോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. ഇതുപോലെ ഉടുമ്പൻചോല, പീരുമേട്, ദേവികുളം എന്നീ താലൂക്കുകളിൽ ഉൾപ്പെട്ടുവരുന്ന CHR (Cardamom Hill Reserve) മേഖലയിലെ പട്ടയ വിതരണവും കോടതി ഉത്തരവുമൂലം തടസ്സപ്പെട്ടിരിക്കുകയാണ്. CHR മേഖലയിലെ വനവിസ്തൃതി സംബന്ധിച്ച തർക്കത്തെത്തുടർന്നാണ് ഇത്തരമൊരു ഉത്തരവ് കോടതി പുറപ്പെടുവിച്ചത്. ഇതുമൂലം 1993-ലെ ഭൂപതിവ് ചട്ടപ്രകാരം കേന്ദ്ര സർക്കാർ അനുമതി ലഭിച്ച പട്ടയങ്ങൾപോലും വിതരണം ചെയ്യാൻ കഴിയാത്ത സ്ഥിതിയുണ്ട്. CHR മേഖല പൂർണ്ണമായും റിസർവ് വനമല്ലെന്നാണ് സർക്കാരിന്റെ നിലപാട്. രണ്ടര ലക്ഷത്തോളം ഏക്കർ വിസ്തൃതിയിലുള്ള CHR മേഖലയിലെ 15,720 ഏക്കർ മാത്രമാണ് റിസർവിൽപ്പെടുന്നത്. ബാക്കി ഭൂമി റവന്യൂ ഭൂമിയാണ്. സർക്കാർ നിലപാട് കോടതി അംഗീകരിച്ചുകഴിഞ്ഞാൽ

ഇവിടെയും പട്ടയവിതരണം പുനരാരംഭിക്കാൻ കഴിയും. ഇടുക്കി ജില്ലയിലെ മലയോര ജനതയ്ക്കുവേണ്ടിയാണ് 1960-ലെ ഭൂപതിവ് നിയമത്തിൽ ഭേദഗതി വരുത്തിയത്. ഇടുക്കി ജില്ലയിലെ ഭൂരിഭാഗം കൈവശങ്ങളും പട്ടയം ലഭിച്ച ഭൂമിയാണ്. കൃഷിക്കും വീട് നിർമ്മാണത്തിനുംവേണ്ടി നൽകിയ ഭൂമി മറ്റാവശ്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നതിന് കൈവശക്കാരന് അനുവദിക്കാൻവേണ്ടിയാണ് നിയമം ഭേദഗതി ചെയ്തത്. ഇതിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങൾ പുറപ്പെടുവിച്ച് കഴിയുന്നതോടെ മലയോരജനതയുടെ ദീർഘകാലസ്വപ്നങ്ങൾ സാക്ഷാത്കരിക്കും. 1960-ലെ ഭൂപതിവ് നിയമത്തിന് ഇരുപതോളം ചട്ടങ്ങളാണ് നിലവിലുള്ളത്. നിയമപരമായി ഒട്ടേറെ സങ്കീർണ്ണതകളാണ് ചട്ടം ഭേദഗതിയുമായി മുന്നോട്ടുപോയപ്പോൾ കാണാൻ കഴിഞ്ഞത്. ഏതൊക്കെ ചട്ടങ്ങൾ ഭേദഗതി വരുത്താൻ കഴിയും, എന്തൊക്കെ വ്യവസ്ഥാലംഘനങ്ങളാണ് ക്രമീകരിച്ച് നൽകാൻ കഴിയുന്നത് എന്നതിലൊക്കെ വിശദമായ പരിശോധനകളും ചർച്ചകളും നടന്നുവരികയാണ്. കേന്ദ്ര വന നിയമം ഉൾപ്പെടെയുള്ള പരിസ്ഥിതി നിയമങ്ങൾക്ക് എതിരാകാതെയാണ് ചട്ടം രൂപീകരിക്കേണ്ടത്. ഒരു

കാരണവശാലും കോടതിയിൽ ചോദ്യം ചെയ്യപ്പെടാത്ത രീതിയിൽ കുറ്റമറ്റതും മലയോര കർഷകരുടെ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കാനും കഴിയുന്ന വിധത്തിലുള്ള ചട്ടം നിർമ്മിക്കാനാണ് സർക്കാർ ആഗ്രഹിക്കുന്നത്. ഇടുക്കിയിൽ മാത്രമല്ല, കേരളത്തിന്റെ മലയോര മേഖലകളിൽ സമാനതകളില്ലാത്തവിധം സാധാരണക്കാരന് പട്ടയം നൽകാനുള്ള നടപടിക്രമങ്ങളുമായി മുന്നോട്ടുപോകുകയാണ്. 30 വർഷത്തിലേറെയായി, 1993-ലെ ചട്ടത്തിന്റെ ഭാഗമായി പുതിയ JVR (Joint Verification Report)-ഉം പുതിയ അപേക്ഷയും എന്നുള്ളത് മലയോര കർഷകർ ഉയർത്തിപ്പിടിക്കുന്ന ഏറ്റവും വലിയ വേദനയാണ്. 2024 ഫെബ്രുവരി 7-ാം തീയതി വനം വകുപ്പുമന്ത്രിയായ ശ്രീ. എ. കെ. ശശീന്ദ്രൻ ഉൾപ്പെടെയുള്ളവർ കേന്ദ്ര വനം വകുപ്പുമന്ത്രിയെ നേരിൽക്കണ്ട് വിശദമായ ചർച്ചകൾ നടത്തിയതിനെത്തുടർന്നാണ് കേന്ദ്ര മന്ത്രി ശ്രീ. ഭൂപേന്ദർ യാദവ് 30 വർഷക്കാലമായുള്ള മലയോര ജനതയുടെ പ്രശ്നം കണക്കിലെടുത്ത് 'പുതിയ JVR, പുതിയ അപേക്ഷ' എന്ന കേരളത്തിന്റെ ആവശ്യം അംഗീകരിക്കുന്ന നിലപാടുണ്ടായത്. അതിന്റെ വിവരശേഖരണം പൂർത്തിയാക്കി ഈ വരുന്ന

മാർച്ച് 26-ാം തീയതി വനം വകുപ്പുകൂടി ഉൾപ്പെടുന്ന യോഗത്തിനുശേഷം ഏപ്രിൽ മാസത്തിൽ സംയുക്ത പരിശോധനയുൾപ്പെടെ ആരംഭിച്ച് അർഹതപ്പെട്ട ഓരോ മനുഷ്യനും പട്ടയം കൊടുക്കാൻ കഴിയുമെന്ന നിലപാടാണ് സർക്കാരിനുള്ളത്. അങ്ങയുടെ അഭ്യർഥന മാനിച്ച് കൂടുതൽ കാര്യങ്ങൾ പറയുന്നില്ല. കേരളത്തിലെ മലയോര മേഖലകളിലുള്ള ജനങ്ങളോട് ഈ ഗവൺമെന്റ് കാണിച്ചുകൊണ്ടിരിക്കുന്ന ഗുണകരമായ നടപടിക്രമങ്ങൾ ഇതെല്ലാമാണെന്നുള്ള സാഹചര്യത്തിൽ സഭ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യേണ്ടതില്ലെന്ന കാര്യം അങ്ങയെ അറിയിക്കുകയാണ്.

ഡോ. മാത്യു കുഴൽനാടൻ: സർ, മലയോര മേഖലയിലെ, പ്രത്യേകിച്ച് ഇടുക്കി ജില്ലയിലെ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസവും പ്രശ്നവും വിഷമവും സംബന്ധിച്ച് ഈ സഭയിൽ ഇതിനുമുമ്പും പല പ്രാവശ്യം നമ്മൾ ചർച്ച ചെയ്തിട്ടുള്ളതാണ്. ഇടുക്കി ജില്ലയിൽ പരുന്തുംപാറ, വാഗമൺ, ചൊക്രമുടി, ചിന്നക്കനാൽ, മാൻകുത്തിമേട്, അണക്കരമെട്ട്, കൊട്ടക്കാമ്പൂർ തുടങ്ങിയ മേഖലകളിൽ വ്യാപകമായി സർക്കാർ ഭൂമി കൈയേറ്റം നടക്കുകയാണ്. സർക്കാർ ഭൂമിക്ക് 1964, 1965, 1968, 1971-ലേയുമൊക്കെ വ്യാജപട്ടയമുണ്ടാക്കി

വില്പന നടത്തി കോടികളുടെ തട്ടിപ്പാണ് കൈയേറ്റ ലോബി നടത്തുന്നത്. ഇതിൽ ബഹുഭൂരിപക്ഷം കൈയേറ്റവും നടത്തുന്നത് ഇടുക്കി ജില്ലയിൽ നിന്നുള്ളവരല്ല, പുറത്തുനിന്നുമുള്ളവരാണ്. പരുന്തുംപാറ വില്ലേജിൽ സർവെ നമ്പർ 534-ലാണ് വ്യാപകമായ കൈയേറ്റം നടന്നിട്ടുള്ളത്. 624 ഏക്കർ 84 സെന്റ് സ്ഥലമാണ് ഈ സർവെ നമ്പറിലുള്ളത്. ഒരു കാരണവശാലും പട്ടയം നൽകാൻ കഴിയാത്ത കൃഷിയോഗ്യമല്ലാത്ത തട്ട് പാറയായ സ്ഥലത്താണ് പട്ടയം വ്യാജമായി തയ്യാറാക്കിയിട്ടുള്ളത്. കൃഷിക്കും വീടുവയ്ക്കുന്നതിനുംവേണ്ടി മാത്രമേ പട്ടയം നൽകാൻ പാടുള്ളൂവെന്ന നിയമം നിലനിൽക്കെ തട്ട് പാറയ്ക്ക് എങ്ങനെയാണ് പട്ടയം ലഭിക്കുന്നത്; പാറക്കെട്ടുകൾക്ക് പട്ടയം നൽകാൻ നിയമപരമായ സാധ്യതയില്ലാത്തപ്പോൾ ഏക്കർ കണക്കിന് പാറയ്ക്ക് എങ്ങനെ പട്ടയം വിതരണം ചെയ്തുവെന്ന് ഈ സർക്കാർ ഉത്തരം പറയേണ്ടതല്ലേ? 2021-നുശേഷം പീരുമേട് താലൂക്കിലെ വ്യാപകമായ കൈയേറ്റം സംബന്ധിച്ച് നിരവധി റിപ്പോർട്ടുകൾ പീരുമേട് തഹസീൽദാർക്ക് വില്ലേജ് ഓഫീസറും താലൂക്ക് സർവെയറും നൽകിയെങ്കിലും ഒരു നടപടിയുമുണ്ടായിട്ടില്ല. ഇങ്ങനെ വ്യാജ പട്ടയമുണ്ടാക്കുകയും ക്രയവിക്രയങ്ങളും അഭംഗുരം തുടർന്നുകൊണ്ടിരുന്നു.

അതിന്റെ കാര്യങ്ങൾ അന്വേഷിച്ചപ്പോൾ, ഇതിനുപിന്നിൽ വലിയൊരു ലോബി പ്രവർത്തിക്കുന്നുവെന്നും ആ ലോബിക്ക് ഈ സർക്കാരിന്റെ ശക്തമായ പിന്തുണ ലഭിക്കുന്നുവെന്നും മനസ്സിലാക്കാൻ കഴിഞ്ഞു. അല്ലെങ്കിൽ എന്തുകൊണ്ടാണ് ഇതുപോലെ റിപ്പോർട്ടുകൾ വന്നിട്ടും കൃത്യസമയത്ത് ഒഴിപ്പിക്കാൻ കഴിയാതെവന്നത്? യഥാർത്ഥത്തിൽ ഇങ്ങനെയുള്ള കൈയേറ്റങ്ങൾ, ഒടുവിൽ തലയ്ക്ക് നട്ടപ്ര പതിക്കുന്ന അല്ലെങ്കിൽ ഇതിന്റെ വേദന സഹിക്കേണ്ടിവരുന്നത് ഇടുക്കിയിലെ സാധാരണ ജനങ്ങളാണ്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി സംസാരിച്ചപ്പോൾ ചില കാര്യങ്ങൾ സൂചിപ്പിച്ചിരുന്നു. ബഹുമാനപ്പെട്ട ഹൈക്കോടതിവിധിയുടെ പശ്ചാത്തലത്തിൽ 1964-ലെ റൂൾ പ്രകാരമുള്ള പട്ടയ വിതരണം തടസ്സപ്പെട്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ 1993 പ്രകാരമുള്ള പട്ടയവിതരണം തടസ്സപ്പെട്ടിരിക്കുകയാണ്. ഇരുപതിനായിരത്തിലേറെ ആളുകൾ പട്ടയം കാത്തിരിക്കുമ്പോൾ ഇടുക്കി ജില്ലയിൽ പൂർണ്ണമായും പട്ടയവിതരണം തടസ്സപ്പെട്ടുവെന്നതാണ് യാഥാർത്ഥ്യം. ഇതിൽ ചെറിയൊരു പശ്ചാത്തലമുണ്ട്. ഇടുക്കി ജില്ലയിലെ ഭൂപ്രശ്നങ്ങൾ ഇന്നും ഇന്നലെയും

തുടങ്ങിയതല്ല. ആ ജില്ല അവസാനമായി ഏറ്റവും കൂടുതൽ ചർച്ച ചെയ്തത് ‘ Gadgil, Kasturirangan’ റിപ്പോർട്ടുകളായിരുന്നുവെന്ന് നമുക്കറിയാം. യു.പി.എ. സർക്കാർ അധികാരത്തിൽനിന്നും ഒഴിയാൻ മണിക്കൂറുകൾമാത്രം ബാക്കിയുണ്ടായിരുന്നപ്പോൾ 2014 മാർച്ച് 10-ന് ഇറക്കിയ കരട് വിജ്ഞാപനമാണ് എന്റെ കൈവശമുള്ളത്. അതായത്, 6 സംസ്ഥാനങ്ങളെ സംബന്ധിച്ച് ഇറക്കിയ കരട് വിജ്ഞാപനത്തിൽ അഞ്ച് സംസ്ഥാനങ്ങൾക്കുംവേണ്ടി ഒരു ‘ annexure’ കൊണ്ടുവരികയും ആറാമത്തെ സംസ്ഥാനമായ കേരളത്തിനുവേണ്ടിമാത്രം പ്രത്യേകമായൊരു ‘ annexure’ കൊണ്ടുവന്ന് ജനവാസമേഖലകളെ ഒഴിവാക്കിയിരുന്നു. അന്നത്തെ യു.ഡി.എഫ്. സർക്കാർ, ബഹുമാന്യനായ ഉമ്മൻ ചാണ്ടി അടക്കമുള്ളവർ എടുത്ത വലിയ പരിശ്രമത്തിന്റെ ഭാഗമായി ജനവാസമേഖലയെ ഒഴിവാക്കി കൊണ്ടുവന്നപ്പോൾ ഇത്രയും പോരെന്നും, ഇതിൽ തടാകങ്ങളും ചോലമേഖലകളും ഒഴിവാക്കണമെന്ന് പറഞ്ഞ് സി.പി.ഐ.(എം) അടക്കമുള്ളവർ സമരത്തിന് ഇറങ്ങുകയും അതിന്റെ പേരിൽ സ്ഥാനാർഥി പിന്തുണക്കുകയും വലിയ വിവാദങ്ങൾ സൃഷ്ടിച്ച് ഞങ്ങളെ വലിയ

പ്രതിരോധത്തിലാക്കുകയും ചെയ്തു. പാർലമെന്റ് തിരഞ്ഞെടുപ്പിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഇടുക്കി ജില്ലയിൽവച്ച ബോർഡുകൾ എനിക്ക് ഇന്നും ഓർമ്മയുണ്ട്. ഇ.എസ്.എ. പട്ടയ വിഷയങ്ങൾക്ക് ശാശ്വത പരിഹാരം എന്നുപറഞ്ഞ് ജനങ്ങളെ സമീപിച്ച് വോട്ട് വാങ്ങി നിങ്ങൾ പാർലമെന്റിൽ ജയിച്ചു. പിന്നീടുവന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഇവിടെ ജയിച്ചുവന്ന മുഴുവൻ ആളുകൾക്കും അറിയാം, ഇടുക്കിയിലെ മലയോര പ്രദേശങ്ങളിലും എഴുതിവച്ചത് ഇ.എസ്.എ. പട്ടയ വിഷയങ്ങൾക്ക് ശാശ്വത പരിഹാരമെന്നാണ്. അങ്ങ് അധികാരത്തിൽവന്ന് മൂന്നുമാസം തികയുന്നതിനുമുമ്പ് ഇറക്കിയ ഓർഡറാണ് എന്റെ കൈവശമുള്ളത്. 9-6-2016-ൽ ഒന്നാം പിണറായി സർക്കാർ ഇറക്കിയ ആദ്യത്തെ ഉത്തരവാണ്. ഇടുക്കി ജില്ലയിലെ 8 വില്ലേജുകളിൽ എൻ.ഒ.സി. ഇല്ലാതെ ഒരു നിർമ്മാണ പ്രവർത്തനവും നടത്തേണ്ടതില്ലെന്ന് ആ സർക്കുലറിലാണ് ആദ്യമായി പറഞ്ഞത്. അതിന്റെ അടിസ്ഥാനമായി നിങ്ങൾ സൂചിപ്പിച്ചത്, 1801/2010 എന്നുപറയുന്ന കേസിലെ ഡിവിഷൻ ബഞ്ചിലെ വിധിയാണ്. 1801/2010-ൽ കേസിലെ interim order വരുമ്പോൾ അച്യുതാനന്ദൻ സർക്കാർ അധികാരത്തിലിരുന്നു. അതിനുശേഷം ഉമ്മൻ ചാണ്ടി

സർക്കാർ 5 വർഷം ഭരിക്കുകയും ചെയ്തു. ആ സമയത്തൊന്നും ഇല്ലാതിരുന്ന നിയന്ത്രണം ആദ്യമായി ഇടുക്കിയിലെ ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചത് അങ്ങാണെന്ന് വിസ്മരിക്കരുത്. കാരണം, അന്ന് ആ തെരഞ്ഞെടുപ്പിൽ ജയിക്കാൻവേണ്ടി, ഇടുക്കിയിലെ ഭൂരിപക്ഷം സീറ്റിലും ജയിക്കാൻവേണ്ടി ഇ.എസ്.എ. പട്ടയ വിഷയങ്ങൾക്ക് ശാശ്വത പരിഹാരമെന്ന് പറയുകയും ഇത് ജനങ്ങളുടെമേൽ അടിച്ചേൽപ്പിച്ചതും അങ്ങയുടെ സർക്കാരാണെന്ന് വിസ്മരിക്കാൻ കഴിയില്ല. കാരണം അതിന് പിന്നാലെയാണ് ഒന്നിനുപിറകെ ഒന്നായി ഈ തിരിച്ചടിയെല്ലാം സർക്കാരിനുണ്ടായത്. പട്ടയഭൂമിയിൽ വീട് വയ്ക്കാനും കൃഷിക്കും ചെറുകിട കട നടത്താനും മാത്രമാണ് ഉപയോഗിക്കാൻ കഴിയൂവെന്ന് ഏതെങ്കിലും ഒരു സർക്കാർ നിലപാട് എടുത്തിട്ടുണ്ടെങ്കിൽ അത് ഒന്നാം പിണറായി സർക്കാരായിരുന്നു. ആ സർക്കാരിന്റെ നിലപാടിനെ ശരിവച്ചുകൊണ്ടാണ് ബഹുമാനപ്പെട്ട ഹൈക്കോടതി എല്ലാ നിലയ്ക്കുള്ള നിർമ്മാണ നിരോധനവും ഏർപ്പെടുത്തിയത്. അതിനുശേഷം ഈ സർക്കാർ 8 വില്ലേജുകൾക്ക് മാത്രമായി നിർമ്മാണ നിരോധനം കൊണ്ടുവന്നു. ഇവിടെയിരിക്കുന്ന എല്ലാവരും നിയമസഭാ സാമാജികരാണല്ലോ.

സംസ്ഥാനത്തിന് ബാധകമായ ഒരു നിയമം നടപ്പാക്കിയാൽ ആ നിയമം പ്രത്യേകരീതിയിൽ 8 വില്ലേജുകളിൽ മാത്രമായി നടപ്പാക്കണമെന്ന് എങ്ങനെയാണ് പറയാൻ കഴിയുന്നത്. ആ ജനങ്ങളോട് മാത്രം നിങ്ങൾ എന്തുകൊണ്ടാണ് തിരിച്ചുവേദം(വിവേചനം) കാണിക്കുന്നത്. ഒരു അടിസ്ഥാനവുമില്ലാതെ ഒരു നിയമത്തിന്റെ പിൻബലവുമില്ലാതെ നിങ്ങൾ എട്ട് വില്ലേജുകളിൽ മാത്രമായി നിയമം നടപ്പാക്കി. ഇതിൽ മറ്റൊരു വാചകമുണ്ടായിരുന്നു. സ്വന്തമായി ഈ സംസ്ഥാനത്ത് എവിടെയെങ്കിലും ഒരു വീടുണ്ടെങ്കിൽ ഇടുക്കി ജില്ലയിലെ ഈ എട്ട് വില്ലേജുകളിൽ വീട് വയ്ക്കാൻ അവകാശമില്ലെന്ന് മറ്റൊരു വാചകവുമുണ്ടായിരുന്നു. 'അമിതാധികാരപ്രയോഗം' എന്ന വാക്ക് ഇന്നലെ അങ്ങ് പറയുകയുണ്ടായി. ആ അമിതാധികാരപ്രയോഗമാണ് അങ്ങയുടെ ഉദ്യോഗസ്ഥർ നടത്തിയത്. ഈ കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ചോദ്യം ചെയ്ത് വാദിച്ചത് ഞാനാണ്. ഞാൻ വാദിച്ച കേസിൽ ആ ഒരു ഭാഗം ബഹു. ഹൈക്കോടതി റദ്ദ് ചെയ്യുകയുണ്ടായി. അമിതാധികാരപ്രയോഗമായതുകൊണ്ടാണ് അത് റദ്ദാക്കിയത്. ഒന്നിന് പിറകെ ഒന്നായി ഇടുക്കിയിലെ ജനങ്ങൾക്കുമേൽ

അടിച്ചേല്പിക്കുന്ന നിയന്ത്രണങ്ങൾക്ക് നിയമസാധുതയില്ലെന്ന് മാത്രമല്ല, നിയമപ്രകാരം നിലനിൽക്കുന്നതുമല്ല. പട്ടയ വിതരണം തടസ്സപ്പെട്ടുവെന്ന് അങ്ങ് ഇവിടെ പറഞ്ഞു, ഇനി CHR-നെ സംബന്ധിച്ച് പറയുകയാണെങ്കിൽ, എല്ലാ സർക്കാരുകളും കൈക്കൊണ്ടുവന്നിരുന്ന നയം ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതായിരുന്നു. അത് ശരിയാണ്. ഈ CHR-ൽ വരുന്ന 215720 ഏക്കർ സ്ഥലത്തിൽ കേവലം 15720 ഏക്കർ സ്ഥലം റിസർവ് ഫോറസ്റ്റെന്നും ബാക്കിയുള്ള സ്ഥലം റവന്യൂ വകുപ്പിന്റേതുമാണെന്ന consistent-ആയിട്ടുള്ള നിലപാടാണ് എല്ലാ സർക്കാരുകളും സ്വീകരിച്ചുവന്നത്. പക്ഷെ ഇന്നിപ്പോൾ ബഹു. സുപ്രീം കോടതി സ്റ്റേ വരാൻ കാരണമെന്താണ്? 06-09-2018, അതായത് ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം, ഈ സർക്കാരിന്റെ സമയത്ത് വനം വകുപ്പിന്റെ ഒരു റിപ്പോർട്ട് തയ്യാറാക്കുകയാണ് ചെയ്തത്. ആ റിപ്പോർട്ടിൽ 210000 ഏക്കർ സ്ഥലം റിസർവ് ഫോറസ്റ്റാണെന്ന് ആദ്യമായി അങ്ങയുടെ കീഴിലുള്ള വനം വകുപ്പ് റിപ്പോർട്ട് എഴുതി. ആ റിപ്പോർട്ട് കേസിലെ വാദികൾ ബഹു. സുപ്രീം കോടതിയിൽ ഹാജരാക്കി. വനം വകുപ്പ് അവകാശപ്പെടുന്നത്, CHR-ലെ ഭൂമി മുഴുവൻ റിസർവ് ഫോറസ്റ്റാണെന്ന്

കോടതിയെ ബോധ്യപ്പെടുത്തി. ആ സമയത്ത് ഏത് കോടതിയും സ്റ്റേ ചെയ്യും. കാരണം, ഫോറസ്റ്റ് ലാൻഡ് alienate ചെയ്യാൻ ഒരു സർക്കാരിനും അധികാരമില്ല. ആ വിധി ഇടുക്കിയിലെ ജനങ്ങൾക്കുമേൽ, CHR-ലെ പട്ടയം കാത്തിരിക്കുന്ന പതിനായിരക്കണക്കിന് ജനങ്ങൾക്കുമേൽ അടിച്ചേൽപ്പിച്ചത് വനം വകുപ്പിന്റെ ആ റിപ്പോർട്ടല്ലേ; അതിൽനിന്നും നിങ്ങൾക്ക് ഒഴിഞ്ഞുമാറാൻ സാധിക്കുമോ? Consistent ആയി എല്ലാ സർക്കാരുകളും സ്വീകരിച്ചുവന്ന നിലപാട്. 15000 ഏക്കർ റിസർവ് ഫോറസ്റ്റാണ്, ബാക്കിയുള്ളത് റവന്യൂ ലാൻഡാണ്. റവന്യൂ ലാൻഡിന് പട്ടയം നൽകാമെന്നിരിക്കെ റവന്യൂ ലാൻഡ് അല്ലായെന്നുള്ള ആദ്യത്തെ റിപ്പോർട്ട് തയ്യാറാക്കിയത് രണ്ടാം പിണറായി സർക്കാരിന്റെ കാലത്തല്ലെന്ന് പറയാൻ കഴിയുമോ? അല്ലാതെ കോടതിവിധി വന്നതിനാൽ വെറുതെ കോടതിയെ പഴിചാരി പറയരുത്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ എങ്ങനെയാണ് വിധിയുണ്ടായതെന്ന് അങ്ങ് പറയണം. അങ്ങ് അധികാരത്തിൽ വന്നതിനുശേഷമാണ് ആദ്യമായി ഒരു സർക്കാർ പട്ടയഭൂമിയിൽ ഈ മൂന്ന് കാര്യങ്ങൾക്കുമാത്രമേ അനുവാദം നൽകാൻ ഞങ്ങൾ ഉദ്ദേശിച്ചിട്ടുള്ളൂവെന്ന് കോടതിയിൽ പറഞ്ഞത്. 1963-ലെ പട്ടയഭേദഗതി

നിയമം/ഭൂപതിവ് നിയമം നിയമസഭ ചർച്ചചെയ്തപ്പോൾ, പി. ടി. ചാക്കോ അത് മൂവ് ചെയ്യുകയും കെ. ആർ. ഗൗരിയമ്മ, വി. ആർ. കൃഷ്ണയ്യർ എന്നിങ്ങനെ പ്രഗല്ഭരായ നിയമസഭാ സമാജികർ ചർച്ചയിൽ പങ്കെടുക്കുകയും ചെയ്തിരുന്നു. അവരാരും ആ നിലപാടിലല്ല ഈ നിയമം പാസ്സാക്കിയത്. ഏതെങ്കിലും ഉദ്യോഗസ്ഥൻ പറയുന്നത് കേട്ട് അവരുടെ ഈഗോയെ തൃപ്തിപ്പെടുത്താനായി അവർ എഴുതിക്കൊടുക്കുന്നത് സർക്കാരിന്റെ നിലപാടായി ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ പറഞ്ഞതുകൊണ്ടാണ് ഇന്ന് ഈ ഗതികേട് വന്നത്. അത് മാത്രമാണോ, CHR-ലെ പട്ടയവിഷയത്തിനുപുറമെ തൊട്ടുപിന്നാലെ അടുത്ത restrictions വരികയാണ്. Disaster Management, അങ്ങയുടെ വകുപ്പാണല്ലോ, അതിനുകീഴിലുള്ള പരിസ്ഥിതിലോല മേഖലയിലെ 13 വില്ലേജുകളെ അടയാളപ്പെടുത്തി അവിടെയും നിയന്ത്രണം കൊണ്ടുവരികയാണ്. അങ്ങ് പ്രഖ്യാപിച്ച ഇടുക്കി പാക്കേജിന് ഒരു രൂപ നൽകിയില്ലെന്നുമാത്രമല്ല; അത് ഇടുക്കിയിൽനിന്നും ജനങ്ങളെ പായ്ക്കുചെയ്യുന്ന ഒരു പരിപാടിയായിരുന്നുവെന്ന് ഇപ്പോഴാണ് മനസ്സിലായതെന്ന് ഞാൻ വളരെ വേദനയോടുകൂടി പറയുന്നു. ഈ

പ്രയാസത്തിന്റെയെല്ലാം ഇടയിലാണ് വനയോരമേഖലയിലെ ജനങ്ങൾ വന്യജീവി ആക്രമണവും ഫോറസ്റ്റുകാരുടെ ആക്രമണവും അനുഭവിക്കുന്നത്.

മി. സ്പീക്കർ: പ്ലീസ്... പ്ലീസ്...

ഡോ. മാത്യു കുഴൽനാടൻ: ഞാനൊരു കാര്യം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. ഇന്നലെ അങ്ങയുടെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് ഒരു കടുവയെ വെടിവച്ചുവീഴ്ത്തിയിട്ടും അവർക്കെതിരെ കേസെടുത്തില്ല. പക്ഷേ അതേ കടുവ ആക്രമിച്ചതിനെത്തുടർന്ന് അതിനെ കല്ലെറിഞ്ഞ് അതിന്റെ കാലിന് പരിക്കുപറ്റിയതിനെതിരെ ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് കേസെടുത്തയാളുകൾ ഇന്നും പോലീസ് സ്റ്റേഷനും കോടതിയും കയറിയിറങ്ങുകയാണ്. ഞാൻ കഴിഞ്ഞദിവസം കുട്ടമ്പുഴയിലെ ഒരു സമരത്തിൽ പങ്കെടുക്കാൻപോയി മടങ്ങിവരുമ്പോൾ ഒരു പാവപ്പെട്ട സ്ത്രീ പറയുകയായിരുന്നു, 'എനിക്കെതിരെ ഒരു കേസുണ്ട് എന്താണെന്ന് അറിയില്ല', എന്റെ വീട്ടിലുള്ള അപ്പച്ചൻ പാച്ചു/കുഞ്ചൻ എന്നുപേരുള്ള കുട്ടമ്പുഴ കോളനിയിലെ ഒരു വ്യക്തി, അവിടെ ആരോ ഒരു മ്ലാവിനെ വെടിവച്ചു, മ്ലാവിറച്ചി കഴിച്ചുവെന്ന പേരിൽ ഫോറസ്റ്റുകാർ അന്വേഷണത്തിന് വരുമ്പോൾ ആ വീട്ടുമുറ്റത്തുണ്ടായിരുന്ന

അദ്ദേഹത്തിനെതിരെ കേസെടുത്തതിനാൽ ഇപ്പോൾ അദ്ദേഹവും കുടുംബവും കോടതി കയറിയിറങ്ങുകയാണ്. ഇതാണ് മലയോര മേഖലയിലെ ജനങ്ങളുടെ അവസ്ഥ.

പട്ടയവിതരണം തടസ്സപ്പെടുത്തിയതും ഭൂപ്രശ്നങ്ങളുണ്ടാക്കിയതും കോടതിയുടെ പേരിൽ പറയരുത്. അങ്ങയുടെ സർക്കാർ ബോധപൂർവമോ അല്ലാതെയോ ചെയ്തതാണെന്നാണ് പറയുന്നത്. ഇക്കാര്യത്തിൽ കോടതിയിൽ കൃത്യതയോടും വ്യക്തതയോടും ഈ കേസ് നടത്തിയില്ലെങ്കിൽ പതിനായിരക്കണക്കിനും ലക്ഷക്കണക്കിനുമുള്ള മലയോര കർഷകർ വഴിയാധാരമാകും എന്നതുകൊണ്ടാണ് ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (<u>ശ്രീ. കെ. രാജൻ</u>): സർ, ബഹുമാനപ്പെട്ട അംഗമുന്നയിച്ച വിഷയങ്ങളിൽ ഈ സഭയിലെ മന്ത്രിയും ഒരു സമാജികനുമെന്ന നിലയിൽ എനിക്ക് അങ്ങയോട് അഭ്യർഥിക്കാനുള്ളത് റൂൾ 50 സഭയിലെ ഏത് അംഗത്തിനും അവതരിപ്പിക്കാവുന്ന ഒരു അവകാശമാണ്. ആ അവകാശത്തെ ദുരുപയോഗം ചെയ്യരുത്. അതിൽ അങ്ങയുടെ

പ്രത്യേകമായിട്ടുള്ള ശ്രദ്ധയുണ്ടാകണം. ഇത് ഇവിടെ എഴുതിത്തന്ന നോട്ടീസല്ല, എഴുതിത്തന്ന നോട്ടീസിന് മറുപടി പറയാൻ ചുമതലയുള്ള റവന്യൂ വകുപ്പുമന്ത്രിയോടല്ല ബഹുമാനപ്പെട്ട അംഗം ചോദ്യം ഉന്നയിച്ചിരിക്കുന്നത്. അങ്ങെന്താണോ കഴിഞ്ഞ നാലുവർഷമായി ലക്ഷ്യം വയ്ക്കുന്നത് ആ വഴിയിലേക്ക് ഇതൊന്ന് തിരിച്ചുവിടാനുള്ള ശ്രമമാണ് അങ്ങ് നടത്തുന്നത്. അതിന് മലയോരമേഖലയിലെ പാവപ്പെട്ട മനുഷ്യരെ വിധേയമാക്കുകയോ ഉപകരണമാക്കുകയോ ചെയ്യരുതെന്നാണ് എനിക്കാദ്യമായി അഭ്യർഥിക്കാനുള്ളത്. നാലല്ല, 40 വർഷം ആ നടപടിയുമായി പോയാലും ഒരു കുലുക്കവും ഈ ഗവൺമെന്റിനുണ്ടാകില്ല; അങ്ങനെയുള്ള അമ്പൊന്നും എയ്യുന്ന വിധത്തിലുള്ള ഒന്നല്ല ഈ കാര്യം. ബഹുമാനപ്പെട്ട അംഗം പറഞ്ഞ ഒരു പ്രധാനപ്പെട്ട കാര്യം, 2016-ലെ സർക്കുലറിനെക്കുറിച്ചാണ്. അംഗം ആ റിപ്പോർട്ട് കണ്ടുകാണുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ആ സർക്കുലറിന്റെ നമ്പർ ഞാൻ വായിക്കാം. No.C4-25908/2015 എന്ന സർക്കുലർ പുറപ്പെടുവിച്ചത് 09-06-2016-ൽ എന്നുമാത്രമേയുള്ളൂ. 1801/2010 എന്ന കോടതിവിധിയുടെ അടിസ്ഥാനത്തിലാണ് ആ സർക്കുലർ ഇറക്കിയത്. ബഹുമാനപ്പെട്ട അംഗം പല

കേസുകളിലും അവരുടെ വക്കീലായി ഇടപെട്ടിട്ടുണ്ടെന്നുള്ളതുകൊണ്ട് അദ്ദേഹത്തിന് ആ വിഷയം നന്നായി അറിയാമെന്നതിനാൽ ഞാൻ പ്രസ്തുത കേസ് വിശദീകരിക്കുന്നില്ല. ആ കോടതിവിധിയിൽ, പട്ടയത്തിന്റെ വ്യവസ്ഥാലംഘനങ്ങൾ പട്ടയം റദ്ദാക്കുന്നതിനുള്ള കാരണങ്ങളാണെന്ന് എടുത്തുപറഞ്ഞിരിക്കുകയാണ്. എൻ.ഒ.സി. നിർബന്ധമാക്കിയതോടെ ഇടുക്കി ജില്ലയിലെ പട്ടയഭൂമിയിൽ നിർമ്മാണപ്രവർത്തനങ്ങൾക്ക് അനുമതി ആവശ്യപ്പെട്ടുകൊണ്ടുള്ള ധാരാളം അപേക്ഷകളുണ്ടായി. എൻ.ഒ.സി. നൽകുന്നതിനുള്ള മാനദണ്ഡങ്ങളുടെ അവ്യക്തതമൂലം 2010-16 വരെ ഒരാൾക്കും അവിടെ നിർമ്മാണപ്രവർത്തനം നടത്താൻ കഴിയാത്ത ഘട്ടത്തിലാണ് എൻ.ഒ.സി. അനുസരിച്ചുള്ള ഗൃഹനിർമ്മാണപ്രവർത്തനങ്ങൾക്ക് കോടതി പറയുംപ്രകാരം എങ്ങനെയാണ് എൻ.ഒ.സി. നൽകാൻ കഴിയുന്നതെന്ന ഒരു സർക്കുലർ ഇറക്കിയത്. ആ അഞ്ചുവർഷക്കാലം 1801/2010 എന്ന കോടതിവിധിയുടെ നിരോധനത്തെ നേരിടാൻ ഒരു നടപടിയുമുണ്ടാക്കാത്ത ഗതികേടുണ്ടായി എന്ന യാഥാർത്ഥ്യം ഈ ഘട്ടത്തിൽ പരിശോധിക്കപ്പെടേണ്ടതുണ്ട്. എൻ.ഒ.സി. നൽകിയത് ആളുകളെ

ബുദ്ധിമുട്ടിക്കാനല്ലെന്ന് മാത്രമല്ല; കോടതിയുടെ നടപടിക്രമങ്ങൾ പാലിച്ച് എങ്ങനെ ഗൃഹനിർമ്മാണം നടത്തണമെന്നുള്ളതിന്റെ വിശദാംശങ്ങൾ സൂചിപ്പിച്ചുകൊണ്ടുള്ള സർക്കുലറാണ് അതിലുള്ളത്. കേരളത്തിൽ ഇറങ്ങിയ സർക്കുലറായതിനാൽ അത് മേശപ്പുറത്തുവയ്ക്കേണ്ട കാര്യമില്ല. അത് വായിക്കാൻ അങ്ങ് സമയം അനുവദിക്കാത്തതിനാൽ ഞാൻ ആ കാര്യത്തിലേക്ക് കടക്കുന്നില്ല, അനുവദിക്കുകയാണെങ്കിൽ അത് വായിക്കുന്നതിനും എനിക്ക് വിരോധമില്ല.

CHR-മായി ബന്ധപ്പെട്ട് എന്താണ് കോടതിയിൽ കേരളത്തിലെ ഗവൺമെന്റ് പറഞ്ഞത്. അർഥശങ്കയ്ക്കിടയില്ലാത്തവിധം 2007-ൽ ബഹുമാനപ്പെട്ട മന്ത്രിമാരായിരുന്ന കെ. പി. രാജേന്ദ്രൻ, ബിനോയ് വിശ്വം, എളമരം കരീം എന്നിവരുൾപ്പെടെയുള്ള സംഘത്തെ അവിടേയ്ക്ക് അയച്ചു. അവർ കണ്ടെത്തിയ നിലപാടിൽനിന്ന് അണുവിടമാറ്റം മാറിമാറിവന്ന ഒരു ഗവൺമെന്റും പറഞ്ഞിട്ടില്ല. ആ വിഷയത്തിൽ കോടതിയുടെ മുമ്പാകെ വളരെ കൃത്യമായി 24-10-2024-ന് പരിഗണിക്കപ്പെട്ടും പ്രകാരം ചീഫ് സെക്രട്ടറിയെത്തന്നെ അവിടേയ്ക്ക് പറഞ്ഞയച്ചുകൊണ്ട് കോടതിയുടെ

ഇടപെടലിൽ കേരളം അഫിഡവിറ്റ് സമർപ്പിച്ചു. ആ അഫിഡവിറ്റ് ചർച്ച ചെയ്തുകൊണ്ടിരിക്കെ കോടതി പറഞ്ഞു, ‘ ’ Until further orders, we direct that the State of Kerala shall not allot any fresh patta for cardamom cultivation nor shall it permit further land from the area notified as CHR to be converted for commercial exploitation.’ ’

ഈ വിഷയത്തിൽ ബഹു. സുപ്രീംകോടതിയുടെ നടപടിക്രമങ്ങളിൽ കാത്തിരിക്കുക മാത്രമല്ല; തുടർച്ചയായി അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശം തേടി ആ നടപടികളുമായി മുന്നോട്ടുപോകാനുള്ള ശ്രമം തന്നെയാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഈ ഗവൺമെന്റ് ഗൃഹനിർമ്മാണങ്ങൾക്ക് ഏതെങ്കിലും വിധത്തിൽ തടസ്സമുണ്ടാക്കാതെ ആ വ്യവസ്ഥകളെ മറികടക്കുന്നതിനുവേണ്ടി എത്രയേറെ നടപടികളാണ് സ്വീകരിച്ചത്.

ആനവിലാസത്തെ ഈ എട്ട് സ്ഥലങ്ങളിൽനിന്നും ഒഴിവാക്കിയത് ഈ ഗവൺമെന്റിന്റെ കാലത്താണ്. 1960-ലെ നിയമത്തിൽ പട്ടയവ്യവസ്ഥകളുടെ ലംഘനം ക്രമീകരിച്ച് നൽകുന്നതിനെക്കുറിച്ച് യാതൊന്നും പറഞ്ഞിട്ടില്ലെന്ന

പ്രശ്നം വന്നപ്പോൾ, കേരളത്തിൽ 60 വർഷക്കാലമായി നിലനിൽക്കുന്ന 1960-ലെ ഭൂപതിവ് നിയമം ഭേദഗതി ചെയ്ത ഗവൺമെന്റിന്റെ പേര് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെന്നാണ്. ഇടുക്കി ജില്ലയിലെ മന്ത്രിയും എന്റെ സുഹൃത്തുമായ ശ്രീ. റോഷി അഗസ്റ്റിൻ ആശുപത്രികിടക്കയിൽനിന്നും അവിടെ കുത്തിവച്ച മരുന്നുകളുടെ അടിസ്ഥാനത്തിൽ ആ അവതരണത്തിന് സാക്ഷിയായി ഈ സഭയിൽവന്ന് ഇരുന്നിട്ടുള്ളതാണ്. അങ്ങ് ഉന്നയിച്ച തടസ്സവാദത്തെക്കുറിച്ച് ഈ സഭയിലെ എല്ലാവർക്കുമറിയാം എന്നതിനാൽ ഞാനത് വിശദീകരിക്കാൻ ഈ ഘട്ടത്തിൽ മുതിരുന്നില്ല.

1960-ലുണ്ടായിരുന്ന ഭൂപതിവ് നിയമത്തിന്റെ ഭേദഗതി, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് മൂന്നാം വായനയിൽ ഇടപെട്ട് നൽകിയ നിർദേശമുൾപ്പെടെ അംഗീകരിച്ച് ഏകകണ്ഠമായി ഈ സഭ പാസ്സാക്കിയ ഭൂപതിവ് നിയമത്തിന്റെ ഭേദഗതിയാണ്. ആ ഭൂപതിവ് നിയമം പാസ്സാക്കിയ ഗവൺമെന്റാണ് ഈ ഗവൺമെന്റ്. അതുമായി ബന്ധപ്പെട്ട് നേരത്തെ ഞാൻ വിശദീകരിച്ചതുപോലുള്ള ചില സാങ്കേതിക പ്രതിസന്ധികൾ നിലനിൽക്കുന്നതിനാൽ അതിൽ ഏതെങ്കിലും വിധത്തിലുള്ള കാലതാമസമുണ്ടാകുകയല്ല, വിശദമായ

നിയമപരിശോധന നടത്തിയശേഷം മാത്രം അക്കാര്യത്തിൽ ആവശ്യമായ നടപടിക്രമങ്ങൾ എടുക്കാൻ പാടുള്ളൂ എന്നതുകൊണ്ടാണ് ചട്ടഭേദഗതിക്ക് കാലതാമസമുണ്ടായത്. ഏപ്രിൽ മാസത്തിൽ ഏറ്റവും സാധാരണക്കാരനായ മനുഷ്യന് വേറൊരു വിധത്തിലുമുള്ള ബാധ്യതയില്ലാത്ത വിധത്തിൽ നിയമഭേദഗതിയുമായി ബന്ധപ്പെട്ട ചട്ടം കേരളത്തിലെ ജനങ്ങളുടെ മുമ്പാകെ അവതരിപ്പിക്കുകയും അത് പാസ്സാക്കുകയും ചെയ്യുമെന്ന കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിധ്യത്തിൽ ഞാൻ ഈ സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

ഇടുക്കി ജില്ലയിലെ എത്ര പട്ടയപ്രശ്നങ്ങളാണ് ഇപ്പോൾ പരിഹരിക്കുന്നതെന്ന് ബഹുമാനപ്പെട്ട അംഗങ്ങൾ അറിയുന്നുണ്ടോയെന്ന് എനിക്കറിയില്ല. കട്ടപ്പന ടൗൺഷിപ്പിലെ 614 പട്ടയങ്ങളുടെ സർവെ നടപടികൾ പൂർത്തീകരിച്ച് ഭൂപ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണുന്നതിനുള്ള അന്തിമനടപടികൾ നടക്കുകയാണ്. ഇടുക്കി പ്രദേശത്തെ മൂന്നുചെയിൻ മേഖല, അയ്യപ്പൻ കോവിൽ-876, കാഞ്ചിയാർ-750 എന്നീ വില്ലേജുകളിലായി ആകെ 1626 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനുള്ള റിപ്പോർട്ട് സർക്കാരിൽ ലഭിച്ചുകഴിഞ്ഞു. നാലാം വാർഷികവുമായി ബന്ധപ്പെട്ട

പട്ടയമേളയിൽ അത് വിതരണം ചെയ്യാനാകും. കല്ലാർകുട്ടി ഡാമിലെ പത്തുചെയിൻ പ്രദേശം, വെള്ളത്തൂവൽ പഞ്ചായത്തിൽ-1039, ഇടുക്കി താലൂക്കിലെ കൊന്നത്തടി വില്ലേജിൽ-366 എന്നിവയുൾപ്പെടെ 1405 പട്ടയങ്ങൾ മാർച്ച് മാസത്തിൽ സർക്കാരിലേക്ക് റിപ്പോർട്ട് ലഭ്യമാകുകയാണ്. ഏറ്റവും വേഗത്തിൽ നമുക്കത് പരിശോധിക്കാം.

നീലക്കുറിഞ്ഞി സാങ്ച്വറിയുമായി ബന്ധപ്പെട്ട് ദേവികുളം സബ് കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ച് ജില്ലയിൽ ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അവിടെ ഓഫീസ് അടക്കമുള്ള നടപടിക്രമങ്ങളിലേക്ക് കടക്കുകയും ചെയ്തു. മാങ്കുളത്ത് മിച്ചഭൂമി വിതരണം, എട്ട് ബിറ്റുകളിലായി 1016 കൈവശക്കാർക്ക് പട്ടയം നൽകുന്നതിനായി വനവും റവന്യൂവും കൈവശഭൂമികൾ വേർതിരിച്ച് അവ നൽകുന്നതിനുള്ള സർവെ നടപടികളാരംഭിച്ചു. Kannan Devan Hills (KDH) വില്ലേജിലെ കുറ്റ്യാർവാലിയിൽ ഡിജിറ്റൽ സർവെ ആരംഭിച്ചുവെന്ന് മാത്രമല്ല, അതിവേഗം അത് പൂർത്തീകരിച്ച് പട്ടയം നൽകാനുള്ള നടപടിക്രമങ്ങളിലേക്ക് സർക്കാർ കടക്കുകയാണ്. കരിമണ്ണൂർ പ്രവർത്തിക്കുന്ന ഭൂപതിവ് ഓഫീസിൽ

പതിനായിരത്തിലേറെ അപേക്ഷകളാണ് ഇപ്പോഴുള്ളത്. ഈ ഗവൺമെന്റ് പാസ്സാക്കിയ സ.ഉ. നം.2020/2020/റവന്യൂ എന്ന ഉത്തരവിലൂടെ, പതിനായിരക്കണക്കിന് അപേക്ഷകൾ ഉടുമ്പന്നൂർ, വണ്ണപ്പുറം, വെള്ളിയാമറ്റം, അറക്കുളം, നെയ്യശ്ശേരി എന്നീ വില്ലേജുകളിലെ ജനങ്ങൾക്ക് പ്രയോജനപ്രദമാകുന്ന വിധത്തിൽ ഇടുക്കിയിലെ എം.എൽ.എ.-മാരുടെ അഭിപ്രായപ്രകടനത്തിന്റെ അടിസ്ഥാനത്തിൽ, കൂടുതൽ സർവേയർമാരെ നിയോഗിച്ച് അത് പൂർത്തീകരിക്കാനുള്ള നടപടിക്രമങ്ങളിലേക്ക് കടക്കുകയാണ്. ചെറുതോണി ഗാന്ധിനഗർ കോളനിയിലുള്ള 250 കൈവശക്കാരുടെ പ്രശ്നത്തിൽ ഈ മാസം റിപ്പോർട്ട് ലഭിക്കുകയും എത്രയുംവേഗം ആ പ്രശ്നം പരിഹരിക്കുകയും ചെയ്യുന്നതാണ്. കട്ടപ്പനയിലെ ടീ പ്ലാന്റേഷൻ, പെരിഞ്ചാൻകുട്ടി പ്രദേശത്തെ സർവെ നടപടികൾ, പൊൻമുടി ഡാമിന്റെ പത്ത് ചെയിന് പുറത്തുള്ള 161 കൈവശക്കാർക്ക് പട്ടയങ്ങൾ അനുവദിക്കുന്നതിന്റെ ഭാഗമായി 97 കേസുകളിൽ സർവെ നടപടികൾ പൂർത്തീകരിച്ചു. 64 കേസുകളിലെ സർവെ നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ഇടുക്കിയുമായി ബന്ധപ്പെട്ട കൈയേറ്റങ്ങളിൽ എല്ലാവരെയും ഒരുപോലെ കാണരുത്. കുടിയേറ്റക്കാരായ ധാരാളം മനുഷ്യർ അവിടെ താമസിക്കുന്നുണ്ട്. അവരിൽ അർഹതപ്പെട്ട ആളുകളുമുണ്ട്. കുടിയേറ്റവുമായി ബന്ധപ്പെട്ട് അർഹതപ്പെട്ട ആളുകൾക്ക് പൂർണ്ണമായും പട്ടയം അനുവദിക്കണമെന്നാണ് ഈ ഗവൺമെന്റിന്റെ അഭിപ്രായം. 1993-ലെ വനഭൂമി കുടിയേറ്റ ക്രമവൽക്കരണ പതിവ് ചട്ടങ്ങളുമായി ബന്ധപ്പെട്ട് വളരെ വേഗത്തിലാണ് ഈ ഗവൺമെന്റ് നടപടികളെടുക്കുന്നത്. 30 വർഷത്തോളമായി അപേക്ഷ നൽകാൻപോലും അനുവാദമില്ലാതിരുന്ന പതിനായിരക്കണക്കിന് മനുഷ്യർക്ക് രാഷ്ട്രീയത്തിനതീതമായി, 55000-ലധികം വരുന്ന ആളുകളുടെ വിവരശേഖരണം നടത്തി 30 വർഷത്തിനുശേഷം സംയുക്ത പരിശോധനയുൾപ്പെടെയുള്ള നടപടിക്രമങ്ങളുമായി ഈ ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്. സാധാരണക്കാരായ മനുഷ്യർക്ക് ഇത്തരത്തിൽ ഭൂമി നൽകുന്നതിന്റെ ഭാഗമായിട്ടാണ് കേരളം ഇതുവരെ കണ്ടതിൽവച്ച് ഏറ്റവും ശ്രദ്ധേയമായ ഡിജിറ്റൽ സർവെ നടപടികളിലൂടെ നമ്മുടെ നാട് കടന്നുപോകുന്നത്. ഡിജിറ്റൽ റീസർവെ കേരളത്തിന് അഭിമാനമാണ്.

ഇടുക്കിയിലെ പല കൈയേറ്റങ്ങളും അത് കുടിയേറ്റമല്ലാതെ ദീർഘ കൈയേറ്റമായി മാറുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. അവിടെ മൈനർ സർക്യൂട്ടുകളാണ് അധികവുമുള്ളത്. 900, 1000, 10000 വരെ ഏക്കർ ഭൂമിയുള്ള മൈനർ സർക്യൂട്ടുകൾക്ക് അവിടെയൊന്നും വ്യാജ പട്ടയം കൊടുത്തതല്ല. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ പാറക്കെട്ടുകളുള്ള പ്രദേശങ്ങൾക്ക് പട്ടയം നൽകാനാകില്ല, 1964-ലെ കേരള ലാൻഡ് അസൈൻമെന്റ് റൂൾസിലെ 11 (2) (viii) പ്രകാരം അത് നിരോധിക്കപ്പെട്ടിട്ടുണ്ട്. പാറ പ്രദേശങ്ങൾക്ക് അനധികൃതമായി പട്ടയം കൊടുത്തതല്ല. കൊടുത്ത സ്ഥലം എവിടെയാണെന്നത് ചിലർ തെറ്റായി രേഖപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിലാണ് അത്തരത്തിലുള്ള നടപടികളുണ്ടാകുന്നത്. ഏതെങ്കിലും ഉദ്യോഗസ്ഥർ സ്വാധീനങ്ങൾക്ക് വശപ്പെട്ട് ഏതെങ്കിലും തരത്തിൽ സർവെ മാറ്റിക്കൊടുക്കുകയോ, ഭൂമിക്ക് തെറ്റായി തണ്ടപ്പേർ നൽകുകയോ ചെയ്താൽ അത്തരം ഉദ്യോഗസ്ഥർ ഗവൺമെന്റിന്റെ റവന്യൂ വകുപ്പിന്റെ ലിസ്റ്റിലുണ്ടാകില്ലെന്ന കാര്യത്തിൽ ഒരു സംശയവും അങ്ങേയ്ക്ക് വേണ്ട. ഞാൻ ഒരു കാര്യംകൂടി പറയട്ടെ, കൈയേറ്റത്തിന്റെ പിന്നിൽ ആരാണെങ്കിലും

അവരുടെ മുഖം നോക്കാതെ ഗവൺമെന്റ് നടപടി സ്വീകരിച്ചിരിക്കും. ചൊക്രമുടിയിൽ നാം ഇത്തരം നടപടികൾ കണ്ടതാണ്. ആ പ്രശ്നത്തിന്റെ പേരിൽ എന്തെല്ലാം ആരോപണങ്ങളാണ് ഗവൺമെന്റിനും റവന്യൂ വകുപ്പിനും പാർട്ടിക്കും എതിരായി ഉന്നയിക്കപ്പെട്ടിരുന്നത്. ഒരു തരത്തിലും അത് ഞങ്ങളെ ബാധിക്കാതിരുന്നത് എന്തുകൊണ്ടാണ്? അവിടത്തെ നാല് പട്ടയങ്ങളും ക്യാൻസൽ ചെയ്തു. 13.9 ഏക്കർഭൂമി സർക്കാർ ഏറ്റെടുത്തിരിക്കുന്നു. അവിടെ കൈയേറ്റങ്ങളില്ലെന്ന് ഞാൻ പറയുന്നില്ല. ആ കൈയേറ്റങ്ങൾ തുടർച്ചയായി അന്വേഷണത്തിന് വിധേയമാക്കുകയാണ്. ആ കൈയേറ്റങ്ങൾ അന്വേഷിക്കുന്നതിന്റെ ഭാഗമായി എവിടെയെങ്കിലും കുറവ് വന്നിട്ടുണ്ടെന്ന് ശ്രദ്ധയിൽപ്പെട്ടാൽ കൃത്യമായ നടപടികളെടുത്ത് ആവശ്യമായ ഹിയറിംഗ് നടത്തി എല്ലാ വിധത്തിലുമുള്ള സംവിധാനങ്ങളോടും കൂടി അത്തരം കൈയേറ്റങ്ങൾ ഇല്ലായ്മ ചെയ്യാനുള്ള ശക്തമായ നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് ഞാൻ ഈ ഘട്ടത്തിൽ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. ഭൂമി കൈയേറ്റവും അവിടത്തെ മറ്റ് പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിധത്തിൽ ആർക്കും അടിയറ വയ്ക്കുന്ന

നിലപാടായിരിക്കില്ല ഗവൺമെന്റ് സ്വീകരിക്കുന്നത്. ഇക്കാര്യത്തിൽ വളരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്. പരുന്തുംപാറയിലെ കാര്യങ്ങളെ സംബന്ധിച്ചും പറഞ്ഞല്ലോ; അവിടെ അടിയന്തരമായി നിരോധനാജ്ഞ പ്രഖ്യാപിച്ചു. അവിടെ 15 പ്രത്യേക ഉദ്യോഗസ്ഥരുടെ ടീമിനെ നിയോഗിച്ചു. സബ് കളക്ടറിനെ അതിന്റെ ലീഡറാക്കുകയും സർവെ വകുപ്പ് അതിനെക്കുറിച്ച് അന്വേഷണം നടത്തുകയും ചെയ്തു. എല്ലാ ദിവസവും കളക്ടർ നേരിട്ട് അവിടെ കാര്യങ്ങൾ നിരീക്ഷിച്ച് റവന്യൂ വകുപ്പുമന്ത്രിക്ക് മറുപടി ലഭ്യമാക്കുന്നുണ്ട്. പരുന്തുംപാറയിൽ അന്വേഷണം നടത്തി തെറ്റായ രീതിയിൽ വില്ലേജ് തന്നെ മാറ്റിയാണ് നടപടിക്രമങ്ങൾ നടത്തിയത്. തെറ്റായ കൈയേറ്റങ്ങൾ സ്ഥിരീകരിക്കപ്പെട്ടാൽ എല്ലാ നടപടികളോടുംകൂടി കൈയേറ്റങ്ങൾക്കെതിരെ അതിശക്തമായ നിലപാടെടുക്കും. മലയോര മേഖലയിലെ ജനങ്ങളെ സഹായിക്കാനുള്ള നടപടികളാണ് ഈ ഗവൺമെന്റ് സ്വീകരിക്കുന്നതെന്നുകൂടി ബോധ്യപ്പെടുത്തിക്കൊണ്ട് ഈ ഘട്ടത്തിൽ സഭാനടപടികൾ നിർത്തിവച്ച് ഇങ്ങനെ ഒരു പ്രശ്നം ചർച്ചയ്ക്കെടുക്കേണ്ടതില്ലെന്ന് സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അനുമതി നിഷേധിക്കുന്നു.

(നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന് അവതരണാനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചതുപോലെ കുടിയേറ്റക്കാരെയും കൈയേറ്റക്കാരെയും രണ്ടായി കാണണം. കുടിയേറ്റക്കാരെ നിയമപരമായി സംരക്ഷിക്കണം. അവർക്ക് പട്ടയം നൽകാനുള്ള നിയമപരമായ തടസ്സങ്ങൾ അങ്ങ് നീക്കണം. ഞങ്ങൾ അക്കാര്യത്തിൽ പൂർണ്ണ പിന്തുണ നൽകുകയാണ്. കൈയേറ്റക്കാരെ കൈകാര്യം ചെയ്യേണ്ട രീതി വേറെയാണ്.

ഇടുക്കി ജില്ലയിലെ ആയിരക്കണക്കിന് ഏക്കർ ഭൂമിയിലാണ് കഴിഞ്ഞ കുറച്ചുവർഷങ്ങളായി കൈയേറ്റം നടത്തിയിട്ടുള്ളത്. പരുന്തുംപാറ, വാഗമൺ, ചൊക്രമുടി, ചിന്നക്കനാൽ, മാൻകുത്തിമേട്, അണക്കരമേട്, കൊട്ടക്കാമ്പൂർ

തുടങ്ങിയ സ്ഥലങ്ങളിൽ ആയിരക്കണക്കിന് ഏക്കർ ഭൂമിയിലാണ് കൈയേറ്റം നടന്നിട്ടുള്ളത്. ഇവിടെ പരാമർശിച്ച പരുന്തുംപാറ, വാഗമൺ എന്നീ പ്രദേശങ്ങളിലെ കൈയേറ്റങ്ങളെക്കുറിച്ച് 2022 മുതൽ വില്ലേജ് ഓഫീസർ, താലൂക്ക് സർവെയർ അടക്കമുള്ള ആളുകൾ പീരുമേട് തഹസിൽദാർക്ക് നിരവധി റിപ്പോർട്ടുകൾ നൽകിയിട്ടും ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഒരിക്കലും സർക്കാരിന് പട്ടയം നൽകാൻ സാധിക്കാത്ത തട്ടുപാറയാണ് അത്. സർക്കാർ അവിടെ പട്ടയം നൽകിയിട്ടുമില്ല. എന്നാൽ വ്യാജപട്ടയങ്ങൾ ഉണ്ടാക്കിയിരിക്കുകയാണ്. 1964-ലെയും 1971-ലെയും 1991-ലെയും വ്യാജ പട്ടയങ്ങളുണ്ടാക്കി നൂറ് കണക്കിന് ഏക്കർ സർക്കാർ സ്ഥലം കൈയേറുകയാണ്. പാറയുള്ള സ്ഥലത്ത് പട്ടയം നൽകാൻ സാധിക്കില്ല. വ്യാജ പട്ടയമുണ്ടാക്കി ഇവർ കൈയേറ്റം നടത്തുന്നുവെന്ന് വില്ലേജ് ഓഫീസറും താലൂക്ക് സർവെയറും നിരന്തരമായി റിപ്പോർട്ട് കൊടുത്തിട്ടും ഒരു നടപടിയും ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടില്ല. ഇപ്പോൾ ഈ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള നടപടിയെന്താണ്? ഇക്കാര്യം വലിയ വിവാദമായപ്പോൾ ഇത് സർക്കാർ ഭൂമിയാണെന്ന് പറഞ്ഞ് അവിടെ ബോർഡുവച്ചു. അത് അവിടത്തെ പഴയ

പരിപാടിയാണ്. ബോർഡ് സ്ഥാപിച്ച് നമ്മൾ തിരികെ പോകുമ്പോൾ കൈയേറ്റക്കാർ തന്നെ അതെടുത്ത് തോട്ടിലെറിയും. ഭൂസംരക്ഷണ നിയമപ്രകാരം ഇത്രമാത്രം വ്യാജ പട്ടയമുണ്ടാക്കി 100 കണക്കിനേക്കർ ഭൂമി കൈയേറിയ ആൾക്കെതിരെ ഭൂസംരക്ഷണ നിയമപ്രകാരം ഒരു കേസും എടുത്തിട്ടില്ല.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, അങ്ങ് വളരെ കൃത്യമായാണ് പറഞ്ഞുപോകുന്നത്. ഒരുകാര്യം ശ്രദ്ധയിൽപ്പെടുത്താനുണ്ട്. കെ.എൽ.സി. (The Kerala Land Conservancy Act) ആക്റ്റ് അനുസരിച്ച് നടപടിയെടുക്കുന്നതിന് ചില നടപടിക്രമങ്ങളുണ്ട്. ഹിയറിങ് നടത്തണമെന്ന് പറഞ്ഞ് മൂന്നുദിവസം മുമ്പ് നോട്ടീസ് നൽകണം. ഹിയറിങ് നടത്തി ഫോം ബി, ഫോം സി എന്നിവ നൽകണം. അതനുസരിച്ച് മാത്രമെ നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ഞാൻ കെ.എൽ.സി. ആക്റ്റിന്റെ ഒരു പ്രത്യേകത അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തിയതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, വ്യാജ പട്ടയമുണ്ടാക്കി കൈയേറ്റം നടന്ന സ്ഥലമാണ് ഇത് എന്നുള്ളകാര്യം 2022 മുതൽ റവന്യൂ വകുപ്പിനറിയാം. 2025

ആയിട്ടും ഭൂസംരക്ഷണ നിയമപ്രകാരം ഒരു കേസുപോലും ഈ കൈയേറ്റക്കാർക്കെതിരെ എടുത്തിട്ടില്ലെന്നാണ് ഞാൻ പറയുന്നത്. ചൊക്രമുടിയിൽ രണ്ട് മേഖലയിൽ കൈയേറ്റമുണ്ടായി. അതിൽ ഒരു മേഖലയിൽ അങ്ങ് ഇവിടെ പറഞ്ഞതുപോലെ 13.79 ഏക്കർ ഭൂമിയുടെ പട്ടയം റദ്ദ് ചെയ്തു. ഞാൻ ആ നടപടിയെ സ്വാഗതം ചെയ്യുകയാണ്. ആരാണ് ഈ ഭൂമി കൈയേറിയത്, ഞാൻ ആരുടെയും പേര് പറയുന്നില്ല. കാരണം ഇടുക്കി ജില്ലയിലെ കൈയേറ്റത്തിന്റെ പേരുപറഞ്ഞാൽ വലിയ വിവാദമാകും. ആരുടെ പേരും ഞാൻ പറയുന്നില്ല. ഇക്കാര്യത്തിൽ വേണമെങ്കിൽ സൂചന നൽകാം. ഈ ഭൂമി കൈയേറിയത് മദ്രാസിലുള്ള ഒരു വ്യക്തിയാണ്. കൊട്ടക്കാമ്പൂരിൽ ഇയാൾ 344.5 ഏക്കർ ഭൂമി കൈയേറിയെന്ന് തഹസിൽദാരും സബ്കളക്ടറും ഉൾപ്പെടെയുള്ളവർ നിരവധി റിപ്പോർട്ടുകൾ നൽകിയിട്ടും അയാൾക്കെതിരായി നടപടിയൊന്നും സ്വീകരിച്ചില്ല. അയാൾ അത് പലർക്കും മറിച്ചുവിറ്റു. അതിനുശേഷം അയാൾ ചൊക്രമുടിയിൽ ഭൂമി കൈയേറി. ആ ഭൂമി കൈയേറിയപ്പോൾ സർക്കാരിനെതിരായി ആരോപണമുണ്ടായി. ചിന്നക്കനാൽ, വട്ടവട, കാന്തല്ലൂർ, മാങ്കുളം, വാഗമൺ തുടങ്ങിയ നിരവധി

സ്ഥലങ്ങളിൽ ആയിരക്കണക്കിന് ഏക്കർ ഭൂമി ഭൂമാഫിയ കൈയേറിയിട്ടുണ്ടെന്നാണ് അങ്ങയുടെ പാർട്ടിയുടെ ജില്ലാ സെക്രട്ടറിയുടെ ഫെയ്സ്ബുക്ക് പോസ്റ്റിൽ അദ്ദേഹം പറഞ്ഞിരിക്കുന്നത്. വരയാടുകൾ മേഞ്ഞുനടക്കുന്ന, കാട്ടാനകൾ വിരുന്നുവരുന്ന, അപൂർവയിനം ഔഷധ ഗുണങ്ങളുള്ള സസ്യജാലങ്ങളുള്ള ചൊക്രമുടി ഇടുക്കിയുടെ ഐശ്വര്യമാണെന്നാണ് അദ്ദേഹം പറഞ്ഞത്. അതിവിദഗ്ധമായ ഗൂഢാലോചനയാണ് ഈ കൈയേറ്റത്തിനുപുറകിൽ നടന്നത്. അതിന് നേതൃത്വം നൽകിയത് ഇടുക്കിയിലെ ഉയർന്ന ഒരു റവന്യൂ ഉദ്യോഗസ്ഥനാണ്. അങ്ങയുടെ കൈയിൽ കിട്ടിയൊരു അപേക്ഷ പരിശോധിക്കാൻവേണ്ടി അങ്ങ്, ഞാൻ അങ്ങയെ കുറ്റപ്പെടുത്തില്ല. ആ അപേക്ഷ ഇടുക്കി കളക്ടറേറ്റിലെത്തിയപ്പോൾ ഈ ഉദ്യോഗസ്ഥൻ അത് ഏറ്റുവാങ്ങുകയും അവിടെപ്പോയി ഈ കൈയേറ്റ ഭൂമി റെഗുലറൈസ് ചെയ്തുകൊടുക്കുകയുമാണുണ്ടായത്. അപ്പോൾ സർക്കാരിനെതിരായി ഞങ്ങൾ ആക്ഷേപമുന്നയിക്കില്ലേ; ശ്രീ. രമേശ് ചെന്നിത്തലയും ഞാനും ഉൾപ്പെടെയുള്ളവർ അവിടെ പോയി ആക്ഷേപമുന്നയിച്ചു. ഞങ്ങൾ

ആക്ഷേപമുന്നയിച്ചതുകൊണ്ടും അവിടെ സന്ദർശനം നടത്തിയതിനും ശേഷമല്ലേ നിങ്ങൾ നടപടിയെടുത്തത്. ചൊക്രമുടിയുടെ തൊട്ടപ്പുറത്ത് കല്ലമ്പലം, ഉപ്പള, പച്ചപ്പുല്ല് തുടങ്ങിയ സ്ഥലങ്ങളിൽ കൈയേറ്റക്കാർ പാറപൊട്ടിച്ച് 2.5 കിലോമീറ്റർ നീളത്തിലും 10 മീറ്റർ വീതിയിലും റോഡുണ്ടാക്കി. നമ്മുടെ നാട്ടിലൊന്നും ഇതില്ല. ഞാൻ പേര് പറയില്ല, പേര് പറഞ്ഞാൽ പ്രശ്നമാകും. അതാണോ പാറ, അത് കണ്ടിട്ട് അനങ്ങാതെ ഇരിക്കുന്ന ഈ സർക്കാരാണോ അനങ്ങാപ്പാറ; പാറ ഏതാണെന്ന് എനിക്ക് സംശയമുണ്ട്; ഏതാണ് പാറ; ഈ അനങ്ങാപ്പാറയാണ്. 2.5 കിലോമീറ്റർ നീളത്തിലും 10 മീറ്റർ വീതിയിലും സർക്കാർ സ്ഥലത്ത് പാറപൊട്ടിച്ചിട്ട് ഇതുവരെയും ഒരു നടപടിയുമെടുത്തില്ല. നടപടി എടുക്കാൻ സാധിക്കില്ല. ഞാൻ അങ്ങയെ കുറ്റപ്പെടുത്തില്ല. കാര്യങ്ങൾ അങ്ങേയ്ക്ക് അറിയാം. പക്ഷെ, രാഷ്ട്രീയ സമ്മർദ്ദമുള്ളതിനാൽ നടപടിയെടുക്കാൻ സാധിക്കില്ല. അതിനുപുറകിൽ പ്രധാനപ്പെട്ട ആളുകളാണ്. ഇത് ഇല്ലായെന്ന് അങ്ങേയ്ക്ക് നിഷേധിക്കാൻ സാധിക്കുമോ; ഈ ഭൂമി കൈയേറിയിട്ട് ഒരു നടപടിയും സ്വീകരിക്കാതെ ഈ ഭൂമി കൈയേറ്റക്കാരുടെ കൈയിൽ ഇരിക്കുകയാണ്. ചിന്നക്കനാലിൽ ആദിവാസികൾക്ക് നൽകിയ ഭൂമിയും

എച്ച്.എൻ.എൽ.-ന്റെ ഭൂമിയും ആരാണ് കൈയേറിയത്; അതും ഞാൻ പേര് പറയില്ല. തൊടാൻ സാധിച്ചോ; സൂചന അവർക്കെല്ലാവർക്കും മനസ്സിലായി, അത് ആരാണെന്ന്. ഇതുവരെ തൊടാൻ സാധിച്ചിട്ടില്ല. ചിന്നക്കനാലിൽ ആദിവാസികൾക്ക് നൽകിയ ഭൂമിയും എച്ച്.എൻ.എൽ.-ന്റെ ഭൂമിയും കൈയേറി. അതിനെതിരെ നടപടി സ്വീകരിച്ചിട്ടില്ല.

സർക്കാർ പുറമ്പോക്കിൽ പാറഖനനം നടക്കുകയാണ്. ആ പേരും ഞാൻ പറയില്ല. പ്രധാനപ്പെട്ട ഒരാളുടെ കുടുംബമാണ്. സർക്കാർ ഭൂമിയിൽ പാറഖനനം നടക്കുന്നത് സംബന്ധിച്ച് 2024-ൽ മാത്രം ജില്ലാ ജിയോളജിസ്റ്റ് 27 റിപ്പോർട്ടുകൾ നൽകി. 29-4-2024-ൽ, ഞാൻ നേരത്തെ പറഞ്ഞ ആളുടെ പേരുവച്ചാണ് പാറപൊട്ടിച്ചെന്നുപറഞ്ഞ് പരാതി നൽകിയത്. അപ്പോൾ ഒരു നടപടി സ്വീകരിച്ചു. ജില്ലാ ജിയോളജിസ്റ്റിനെ പിറ്റേദിവസം സ്ഥലംമാറ്റി. അതാണ് സ്വീകരിച്ച ശക്തമായ നടപടി.

1964-ലെ റൂൾ അനുസരിച്ചുള്ള പട്ടയ വിതരണം ബഹുമാനപ്പെട്ട ഹൈക്കോടതി സ്റ്റേ ചെയ്തുവെന്ന് ഇവിടെ പറഞ്ഞു. എന്തായിരുന്നു ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ പ്രശ്നം; ബഹുമാനപ്പെട്ട

ഹൈക്കോടതിയിൽ സർക്കാർ അത് അവതരിപ്പിച്ചിട്ടില്ല. കാരണം കൈയേറ്റവും കുടിയേറ്റവും രണ്ടാണ്. കൈയേറ്റക്കാർക്ക് സർക്കാർ പട്ടയം നൽകിയിട്ടില്ല. അത് വ്യാജപട്ടയമാണ്. ആ കണ്ടുപിടിച്ച വ്യാജപട്ടയങ്ങളുടെ ലിസ്റ്റ്, സർക്കാരിന് പേര് പറയാൻ സാധിക്കില്ല, അതാണ് പ്രശ്നം. ആരാണ് വ്യാജപട്ടയംകൊണ്ട് ഭൂമി കൈയേറിയിരിക്കുന്നത് എന്നതിന്റെ ലിസ്റ്റ് നൽകാൻ രാഷ്ട്രീയ സമ്മർദ്ദംകൊണ്ട് സർക്കാരിന് സാധിക്കാത്തതുകൊണ്ടും ദേ ഇതാണ് വ്യാജപട്ടയം, ശരിയായ ആളുകൾക്കാണ് ഞങ്ങൾ ഒറിജിനൽ പട്ടയം നൽകിയിരിക്കുന്നതെന്ന് കോടതിയിൽ തെളിയിക്കാൻ സാധിക്കാത്തതുകൊണ്ടുമാണ് ആ സ്റ്റേ വന്നത്. സി.എച്ച്.ആർ.-ലെ കാര്യത്തെക്കുറിച്ച് അങ്ങ് വിശദീകരിച്ചു. അങ്ങുപറഞ്ഞ കുറെ കാര്യങ്ങൾ ശരിയാണ്. പക്ഷെ, 2016 വരെ സി.എച്ച്.ആർ. ഭൂമി എന്നാൽ 210000 ഏക്കറാണ്. ഭൂമി റവന്യൂ വകുപ്പിന്റേതും മരങ്ങൾ വനം വകുപ്പിന്റേതുമെന്നമാണ് നേരത്തേ മുതലുള്ള നമ്മുടെ നിലപാട്. റവന്യൂ വകുപ്പ് ഗ്രീൻ ട്രൈബ്യൂണലിൽ നൽകിയിരിക്കുന്ന അഫിഡവിറ്റ് എന്താണ്; അങ്ങൊന്ന് പരിശോധിക്കണം. ഇത് വനഭൂമി ആണെന്നാണ് റവന്യൂ വകുപ്പ് ഗ്രീൻ ട്രൈബ്യൂണലിൽ

നൽകിയിരിക്കുന്ന അഫിഡവിറ്റ്. ഇവിടെ ഡോ. മാത്യു കുഴൽനാടൻ സൂചിപ്പിച്ചതുപോലെ, 2018-ൽ വനം വകുപ്പ് തയ്യാറാക്കിയൊരു റിപ്പോർട്ടുണ്ട്, അതിൽ പറയുന്നത് ഇത് മുഴുവനും വനഭൂമിയാണെന്നാണ്. ഇത് 413 സ്ക്വയർ മൈലുണ്ടെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയിൽ സമർപ്പിച്ച അഫിഡവിറ്റിൽ നിങ്ങൾ പറഞ്ഞിരിക്കുന്നു, അതായത് 264000 ഏക്കർ. എല്ലാ രേഖകളും അനുസരിച്ച് ഇത് 334 സ്ക്വയർ മൈൽ മാത്രമേയുള്ളൂ.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ, അങ്ങേയ്ക്ക് ഇനി എത്ര സമയംകൂടി വേണം.

ശ്രീ. വി. ഡി. സതീശൻ: സർ, മൂന്നുനാല് മിനിട്ടുകൂടി വേണം. ഇത് വളരെ പ്രധാനപ്പെട്ട വിഷയമാണ്. അതൊരു തെറ്റായ വിവരമാണെന്നാണ് അതിൽനിന്നും നമ്മൾ മനസ്സിലാക്കേണ്ടത്. ഞങ്ങൾ ട്രാവൻകൂർ ഗസറ്റും ഫോറസ്റ്റുമായി ബന്ധപ്പെട്ട മുഴുവൻ രേഖകളും പരിശോധിച്ചു. ഒരു സ്ഥലത്തും 264000 ഏക്കർ ഇല്ല, 210000 ഏക്കർ മാത്രമേയുള്ളൂ. കേസ് ശരിയായ രീതിയിലല്ല പോകുന്നത്. അങ്ങ് അത് പരിശോധിച്ച് റിവ്യൂ ചെയ്യാൻ വേണ്ടിയാണ് ഞാൻ പറയുന്നത്. ഇതിനകത്ത് 15000 ഏക്കർ മാത്രമാണ്

വനഭൂമി. അത് ഈ സി.എച്ച്.ആർ. മേഖലയ്ക്ക് പുറത്തല്ല. സ്റ്റേ കാരണമുള്ള പ്രശ്നം എന്തെന്നാൽ, എതിരായി ഒരു വിധിവന്നാൽ 210000 ഏക്കർ ഭൂമിയിൽ താമസിക്കുന്ന ആളുകൾ എവിക്റ്റ് ചെയ്യപ്പെടും. സി.എച്ച്.ആർ. ഭൂമി റിസർവ് ഭൂമിയാണെന്ന് ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ഒരു വിധിയുണ്ടായാൽ അതിന്റെ സോഷ്യൽ ഇംപാക്റ്റ് എന്താണ്; വർഷങ്ങളായി, തലമുറകളായി ജീവിക്കുന്ന ആളുകൾ മുഴുവൻ അവിടെനിന്നും പുറത്തുപോകും. വനം വകുപ്പുമന്ത്രിക്കുപോലും സന്തോഷമുണ്ടാകില്ല. രണ്ടുലക്ഷം ഏക്കർ ഭൂമി പുതുതായി വനഭൂമിയായി ലഭിച്ചതിൽ സന്തോഷമുണ്ടാകുമോ; മരങ്ങൾ വനം വകുപ്പിന്റേതാണ്. നിരവധി പ്രശ്നങ്ങളാണ്. അങ്ങ് കുറേകാര്യങ്ങൾ തീരുമാനിക്കുമെന്ന് പറഞ്ഞു. ഇപ്പോൾ അങ്ങുപറഞ്ഞ കട്ടപ്പനയിലെയും കാഞ്ചിയാറിലെയും പട്ടയം നൽകാൻ സാധിക്കുമോ; സി.എച്ച്.ആർ. ഭൂമിയാണ്. ഈ സ്റ്റേ നിലനിൽക്കുമ്പോൾ അത് നൽകാൻ സാധിക്കില്ല. അതുപോലെ ഉപേക്ഷിക്കപ്പെട്ട പദ്ധതി പ്രദേശങ്ങൾ, കല്ലാർകുട്ടിയിലെ 10 ചെയിൻ മേഖല, കാഞ്ചിയാർ, അയ്യപ്പൻ കോവിൽ, ഉപ്പുതറ വില്ലേജുകളിലെ 3 ചെയിൻ മേഖല, തോപ്രാംകുടി-പച്ചടി മേഖലയിൽ ഏലം കൃഷിയെന്ന് തെറ്റായി

രേഖപ്പെടുത്തിയിരിക്കുന്ന സ്ഥലം ഇവർക്കൊന്നും നമുക്ക് പട്ടയം നൽകാൻ കഴിയുന്നില്ല. 1993-ലെ റൂളിൽ വേറൊരു പ്രശ്നമുണ്ട്. ചെറിയ കടമുറികൾക്ക് അനുവാദം നൽകിയിട്ടുണ്ട്.

ശ്രീ. കെ. രാജൻ: സർ, അദ്ദേഹം തെറ്റിപ്പറഞ്ഞതിനാലാണ് അഫിഡവിറ്റ് ഞാൻ വായിക്കുന്നത്. " 11. It can be concluded that as on date, the area under Cardamom Hill Reserve scattered in the erstwhile 3 Taluks of Devikulam, Peerumade and Udumbanchola is 2,64,885 acres, which is equivalent to 413.88 Sq. miles. It is submitted that for all practical purposes, said area is not to be considered as part of forest." എന്നാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, നമ്മുടെ എല്ലാ രേഖകളിലും ഡോക്യുമെന്റിലും 334 സ്ക്വയർ മൈൽ മാത്രമേയുള്ളൂ. അധികമുണ്ടെന്ന് പറഞ്ഞാൽ അത് കേസിനെ പ്രതികൂലമായി ബാധിക്കും. ഞാൻ 1993-ലെ റൂളിനെക്കുറിച്ചാണ് പറഞ്ഞത്. അതുപ്രകാരം പ്രത്യേകം കടമുറികൾ ഉള്ളവർക്ക് പട്ടയം നൽകാൻ പറയുന്നു. നിങ്ങൾ ഒരു തീരുമാനമെടുത്ത് റൂളിൽ അമന്റ്മെന്റ് നടത്തിയാൽ മതി. എത്രയാണ് കടമുറിയുടെ വിസ്തീർണ്ണമെന്ന് തീരുമാനിച്ചാൽ

ആയിരക്കണക്കിന് ആളുകൾക്ക് പട്ടയം നൽകാൻ നിങ്ങൾക്ക് സാധിക്കും. ഇപ്പോൾ ഏലം കുത്തകപാട്ടം പുതുക്കി കൊടുക്കുന്നില്ല, ഏലം പട്ടയഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ അനുവദിക്കുന്നില്ല, ദുരന്തനിവാരണ നിയമപ്രകാരം 13 പഞ്ചായത്തിൽ നിയന്ത്രണം, ഇലക്ട്രിസിറ്റി കണക്ഷൻ എടുക്കുന്നതിനുവരെ NOC വാങ്ങിക്കണം. ഇടുക്കി ജില്ലയിൽ തൊടുപുഴ ഒഴിച്ചുള്ള ബാക്കി 4 നിയോജകമണ്ഡലങ്ങളിലും ഭൂമി പ്രശ്നങ്ങൾകൊണ്ട് ജനങ്ങൾ ഉത്കണ്ഠയിലും അനിശ്ചിതത്വത്തിലുമാണ്. സി.എച്ച്.ആർ.-ലെ സ്റ്റേയും 1964-ലെ ചട്ടപ്രകാരമുള്ള പട്ടയ വിതരണത്തിലെ ഹൈക്കോടതി സ്റ്റേയും, വ്യാപകമായ കൈയേറ്റങ്ങളും കാരണം ജനങ്ങൾ ആശങ്കയിലാണ്. ചിന്നക്കനാലിലെ പ്രശ്നം, വനം വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ടതായതുകൊണ്ട് അതിനെക്കുറിച്ച് പറയുന്നില്ല. നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ് റവന്യൂ വകുപ്പുമന്ത്രിക്കായതിനാൽ ആ വിഷയം ഞാൻ പറയുന്നില്ല. ഇറിഗേഷൻ ഡിപ്പാർട്ടുമെന്റുമായി ബന്ധപ്പെട്ട ബഫർസോൺ ഡിക്ലറേഷൻ വന്നിട്ടുണ്ട്. ഫോറസ്റ്റ് നോട്ടിഫൈ ചെയ്തിട്ടുമുണ്ട്. അതൊന്നും പറയാതിരിക്കുന്നത് നോട്ടീസ് റവന്യൂ വകുപ്പുമന്ത്രിക്ക് ആയതുകൊണ്ടാണ്. ജനങ്ങൾക്ക് ജീവിക്കാൻ

സാധിക്കാത്ത ഒരു സാഹചര്യം വ്യാപകമായി ആ ജില്ലയിൽ നിലനിൽക്കുന്നു, എല്ലാവരും ഉത്കണ്ഠയിലാണ്. വർഷങ്ങളായി, തലമുറകളായി അവിടെ ജീവിക്കുന്ന സാധാരണക്കാരായ കർഷകർക്കും കുടിയേറ്റക്കാർക്കും ജീവിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാകുമ്പോൾ കൈയേറ്റക്കാർ സ്വൈരവിഹാരം നടത്തുകയാണ്. രാഷ്ട്രീയമായ പിൻബലത്തോടുകൂടി, രാഷ്ട്രീയ പാർട്ടി നേതൃത്വത്തിന്റെ അറിവോടുകൂടി ആയിരക്കണക്കിന് ഏക്കർ സർക്കാർ ഭൂമി കൈവശം വയ്ക്കുകയും മറിച്ചുവിറ്റ് കോടികൾ സമ്പാദിക്കുകയുമാണ്. ഈ കൈയേറ്റക്കാരെ നിയന്ത്രിക്കുന്നതിൽ സർക്കാർ ദയനീയമായി പരാജയപ്പെട്ടു. കൈയേറ്റക്കാരെ നിയന്ത്രിക്കാൻ സാധിക്കുന്നില്ല. കൈയേറ്റക്കാർക്കെതിരായി ശക്തമായ നടപടി സ്വീകരിക്കാൻ രാഷ്ട്രീയ സമ്മർദ്ദം കാരണം സാധിക്കുന്നില്ല. കൈയേറ്റക്കാർക്കെതിരായി അതിശക്തമായ നടപടികൾ സ്വീകരിക്കാത്തതിലും പട്ടയപ്രശ്നങ്ങൾക്ക് ശാശ്വതമായ നിയമപരിഹാരമുണ്ടാക്കാത്തതിലും ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, ഇവിടെ പറഞ്ഞ് കേട്ടതിൽനിന്ന് നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപാവതരണത്തിനുശേഷം ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ മറുപടിയിലും പിന്നീട് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് നടത്തിയ പ്രസംഗത്തിലും വ്യക്തമാകുന്ന ഒരു കാര്യം ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതാണെന്നാണ്. കാര്യങ്ങൾ ഒട്ടും ശുഭകരമല്ല. മലയോര മേഖലയിലെ സാധാരണക്കാരും കർഷകരും അനുഭവിക്കുന്ന പലതരം ബുദ്ധിമുട്ടുകൾ നമുക്ക് അറിയാവുന്നതാണ്. സാധാരണക്കാർക്കും കൃഷിക്കാർക്കും പട്ടയം ലഭിക്കാൻ വളരെ പ്രയാസമാണ്. എന്നാൽ പാറ ഖനനം ലക്ഷ്യം വയ്ക്കുന്നവർക്കും വൻകിട റിസോർട്ട് ലക്ഷ്യംവച്ച് തമിഴ്നാട്ടിൽനിന്ന് വരുന്നവർക്കുപോലും കൃത്രിമമായി പട്ടയമുണ്ടാക്കാൻ പോലും സാധിക്കുന്നുവെന്നതാണ് ഇവിടെ കേട്ടത്. ഇതല്ലേ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടത്. ആയിരക്കണക്കിന് ഏക്കർ ഭൂമിയാണ് കൈയേറുന്നതെന്നാണ് പറയുന്നത്. അതിലൊരു വ്യക്തതയില്ലല്ലോ? മലയോര മേഖലയിൽ ഇങ്ങനെ

കൈയേറ്റം നടക്കുന്നുണ്ടെങ്കിൽ മലയോര മേഖലയിലെ കൃഷിക്കാരുടെ സ്ഥിതി എന്താണ്; അവർക്ക് ഇപ്പോൾ വന്യമൃഗശല്യം ഒരുവശത്ത് പട്ടയം ലഭിക്കാത്തതിലുള്ള വിഷമം, കുടിയിറക്കലിന്റെ ഭീഷണി എന്നിവ മറ്റൊരുവശത്ത്. അതിനിടയിൽ കൈയേറ്റം നിർബാധം നടത്താൻ വൻകിടക്കാർക്ക് ഒരു തടസ്സവുമില്ല. അവരുടെ ആവശ്യം പാറപൊട്ടിക്കലും റിസോർട്ട് ഉണ്ടാക്കലുമൊക്കെയാണ്. ഇത് വളരെ ഗൗരവമുള്ള വിഷയം തന്നെയാണ്. അതിൽ ഒരു സംശയവുമില്ല. ഇത് സഭ ചർച്ച ചെയ്യേണ്ട ഒരു വിഷയമായിരുന്നു. അതിന് സർക്കാർ തയ്യാറാകാത്തതുകൊണ്ട് ഞാനും എന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, ഇടുക്കി ജില്ലയിലെ പരുന്തുംപാറ ഉൾപ്പെടെയുള്ള വിവിധ പ്രദേശങ്ങളിൽ ഭൂമി കൈയേറ്റം ഇപ്പോൾ നിർബാധം നടക്കുന്നുവെന്ന ആക്ഷേപം ഉയർന്നിട്ട് നാളുകളായി. ഈ വിഷയം പ്രതിപക്ഷം

നടപടികൾ നിർത്തിവയ്ക്കുന്നതിനുള്ള ഉപക്ഷേപമായി കൊണ്ടുവന്നപ്പോൾ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ഭാഗത്തുനിന്നുള്ള മറുപടിയിലൂടെ കൈയേറ്റങ്ങൾ കർശനമായി തടയുന്നതിനും കുറ്റക്കാരുടെ പേരിൽ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള വിശദാംശങ്ങൾ തൃപ്തികരമല്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ കൈയേറ്റങ്ങളെയും പട്ടയ പ്രശ്നത്തെയും സർക്കാരിന് രണ്ടായി കാണാൻ സാധിക്കുന്ന സാഹചര്യമുണ്ടാകണം. ഇപ്പോൾ ഈ വിഷയം പ്രതിപക്ഷം ഇവിടെ അവതരിപ്പിച്ചു. കഴിഞ്ഞ ദിവസം ശ്രീ. പി. ജെ. ജോസഫ് നിയമസഭയിൽ ഈ വിഷയംതന്നെ സബ്മിഷനിലൂടെ ഉന്നയിച്ചിരുന്നു. അവിടെയും സർക്കാരിന്റെ ഭാഗത്തുനിന്നുള്ള മറുപടിയിൽ ജനങ്ങൾക്ക് ആശങ്ക വർധിക്കുന്നതല്ലാതെ അവരുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകുന്നില്ല. അതുകൊണ്ട് ഇടുക്കി ജില്ലയിലെ പട്ടയ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. കൈയേറ്റങ്ങൾ കർശനമായി നിയന്ത്രിക്കാൻ സാധിക്കുന്ന സാഹചര്യമുണ്ടാകണം. അതിന് സർക്കാർ സഭ നിർത്തിവച്ച്

ചർച്ച ചെയ്യാൻ തയ്യാറാകാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇടുക്കി ജില്ലയിൽ വ്യാപകമായി കൈയേറ്റം ഉണ്ടാകുന്നുവെന്നത് വസ്തുതന്നെയാണ്. കൈയേറ്റക്കാർ വ്യാജപട്ടയമുണ്ടാക്കി ആ ഭൂമി മറിച്ചുവിൽക്കുന്ന നിലയിലേക്ക് വരുന്നു. റിസോർട്ട് മാഫിയ അടക്കമുള്ളവരുടെ ഇടപെടലുകൾ ആ മേഖലയിലുണ്ടാകുന്നു. സർക്കാരിന് അത് തടയാൻ സാധിക്കുന്നില്ലെന്നതാണ് പ്രധാനപ്പെട്ട വിഷയം. ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ പ്രവർത്തനത്തെ മോശമായി കാണുന്നില്ല. പക്ഷെ അങ്ങേയ്ക്ക് കൈയേറ്റക്കാരെ ഒഴിപ്പിക്കുന്ന കാര്യത്തിൽ പ്രവർത്തിക്കാൻ സാധിക്കുന്നില്ല. ഒരുപക്ഷേ മറ്റ് സമ്മർദ്ദങ്ങളായിരിക്കാം അതിനുകാരണം. കൈയേറ്റക്കാരെ ഒഴിപ്പിക്കാനുള്ള ധീരമായ നടപടികളാണ് സർക്കാർ സ്വീകരിക്കേണ്ടത്. കുടിയേറ്റ കർഷകരുടെ ന്യായമായ പട്ടയം വിതരണം പോലും ഇതുമൂലം തടസ്സപ്പെടുന്ന സാഹചര്യം അവിടെ ഉണ്ടാകുന്നുവെന്നത് മറ്റൊരു സാമൂഹ്യ

പ്രശ്നമായി ഉടലെടുക്കുകയാണ്. ഇക്കാര്യത്തിൽ സർക്കാരിന്റെ കണ്ണുതുറന്നുള്ള ഇടപെടലുണ്ടാകണം. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.)

ശ്രീമതി കെ. കെ. രമ: സർ, മലയോര മേഖലയിലുള്ള കൈയേറ്റങ്ങൾ വ്യാപകമാണ്. വ്യാജപട്ടയങ്ങളുണ്ടാക്കി ഭൂമി വില്പന നടത്തുക, പാറ ഉൾപ്പെടെയുള്ള പട്ടയം ലഭിക്കാത്ത ഭൂമികൾക്ക് പട്ടയം നൽകുക തുടങ്ങിയ വിഷയങ്ങൾ അട്ടപ്പാടി മേഖലയിലൊക്കെ വളരെ ഗുരുതരമായി ഇപ്പോഴും നിലനിൽക്കുകയാണ്. 1970-ലെ ഭൂപരിഷ്കരണ നിയമത്തെപ്പോലും അട്ടിമറിച്ചുകൊണ്ട്, 15 ഏക്കറിൽ കൂടുതൽ ഭൂമി കൈവശം വയ്ക്കരുതെന്ന നിയമം നിലനിൽക്കെ ഏക്കറുകണക്കിന് ഭൂമി കൈവശംവയ്ക്കുന്ന വ്യക്തികളുണ്ട്. 575 ഏക്കർ ഭൂമിയാണ് കോട്ടത്തറ വില്ലേജിൽ മാത്രം വില്പന നടത്തിയത്. ഇതൊന്നും പരിശോധിക്കാൻ റവന്യൂ ഉദ്യോഗസ്ഥർക്ക് സാധിക്കാത്ത

സ്ഥിതിവിശേഷമുണ്ട്. ഏറ്റവും ഗുരുതരമായ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുള്ളിൽ വീണ്ടും സഭയിൽ ഹാജരായി.)